I ഇ.ബി. XIII-കേരള നിയമസഭ/XII-13

# പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ -സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

## 2014 ഡിസംബർ 17, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അനുശോചനം**

### തീവ്രവാദി ആക്രമണം

മി. ഡെപ്യൂട്ടി സ്പീക്കർ: പാക്കിസ്ഥാനിലെ പെഷവാറിൽ 16-12-2014-ൽ ഉണ്ടായ തീവ്രവാദി ആക്രമണത്തിൽ 130-ലധികം കുട്ടികൾ ഉൾപ്പെടെ അനേകം പേർക്ക് ജീവൻ നഷ്ടപ്പെട്ടു. മനുഷ്യമനഃസാക്ഷിയെ നടുക്കിയ ഈ ഭീകരതയെ സഭ അപലപിക്കുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ്

നിന്ന് മൗനം ആചരിച്ചു.)

## അടിയന്തരപ്രമേയം

### മദ്യ നിരോധന നയം

മി. ഡെപ്യൂട്ടി സ്പീക്കർ: അടച്ചിട്ട 418 ബാറുകൾക്ക് ബിയറും വൈനും വില്പന നടത്താനുള്ള ലൈസൻസ് നൽകൽ, ഞായറാഴ്ചകളിലെ ഡ്രൈഡേ ഒഴിവാക്കൽ തുടങ്ങി മുഖ്യമന്ത്രി പ്രഖ്യാപിച്ച പുതിയ തീരുമാനങ്ങളുടെ ഫലമായി സമ്പൂർണ്ണ മദ്യനിരോധനമെന്ന നയം അട്ടിമറിച്ച് സംസ്ഥാനത്ത് മദ്യഉപയോഗം വ്യാപകമായി വർദ്ധിപ്പിക്കുവാനുള്ള നടപടികൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എ. പ്രദീപ്കുമാർ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): മദ്യനയത്തിൽ അടിസ്ഥാനപരമായി യാതൊരു മാറ്റവും വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. നേരത്തെ തീരുമാനമെടുക്കാതിരുന്ന ബിയർ-വൈൻ പാർലറുകളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനാണ് യു.ഡി.എഫ്. യോഗം മന്ത്രിസഭയെ

ചുമതലപ്പെടുത്തിയിട്ടുള്ളത്. വർദ്ധിച്ചുവരുന്ന മദ്യാസക്തിമൂലം കേരളീയ സമൂഹത്തിനുണ്ടാകുന്ന പ്രത്യാഘാതം കണക്കിലെടുത്താണ് വീര്യം കൂടിയ മദ്യം കുറയ്ക്കാൻ തീരുമാനിച്ചത്. പുതിയ തീരുമാനങ്ങളിലൂടെ മദ്യനയത്തിൽ മാറ്റം വരുത്തി വ്യാപകമായി മദ്യം ഒഴുക്കാൻ പോകുന്നു എന്ന ആരോപണം അടിസ്ഥാനരഹിതമാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> ഘട്ടംഘട്ടമായി സംസ്ഥാനത്തെ മദ്യവിമുക്തമാക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് നടപ്പാക്കിയ മദ്യനയം വോട്ടിനും കോഴയ്ക്കും ഗ്രൂപ്പുപ്പോരിലെ മേൽക്കോയ്മയ്ക്കും വേണ്ടി തട്ടിക്കൂട്ടിയതാണ്. നിയമപരമായി നിലനിൽക്കാത്ത മദ്യനയമാണ് സർക്കാരിന്റേതെന്ന് ഇതിനകംതന്നെ കോടതികൾ വ്യക്തമാക്കിക്കഴിഞ്ഞു. കോടതിയിൽ നിന്ന് തുടർച്ചയായി ബാർ ഉടമകൾക്ക് അനുകൂലമായ വിധികളുണ്ടാകുമ്പോഴും ശരിയായ ഇടപെടൽ നടത്താതെ ബാർഉടമകളെ സഹായിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സമൂഹത്തെ മദ്യവിമുക്തമാക്കാനുള്ള ഉദ്ദേശമല്ല 418 ബാറുകൾ പൂട്ടിയതിലൂടെയുള്ളത്. സുപ്രീം കോടതിയുടേതുൾപ്പെടെയുള്ള വിമർശനങ്ങൾ ഈ ഗവൺമെന്റിന്റെ മദ്യനയം അപ്രായോഗികമാണെന്നതിന് തെളിവാണ്. ടൂറിസം, തൊഴിൽ മേഖലകളിൽ ഇതുമൂലമുണ്ടാകുന്ന പ്രത്യാഘാതം സംബന്ധിച്ച് പഠനം നടത്താതെയാണ് മദ്യനയം ആവിഷ്കരിച്ചത്. മദ്യത്തിന്റെ സപ്ലൈ കുറയ്ക്കുന്നതിനെക്കുറിച്ചും ബിവറേജസ്

ഔട്ട്ലെറ്റുകളിലൂടെയുള്ള മദ്യത്തിന് റേഷനിംഗ് സിസ്റ്റം/കാർഡ് സിസ്റ്റം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ആവശ്യമെങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുന്നതിനെക്കുറിച്ചും ആലോചിക്കണം. മദ്യത്തിന്റെ ലഭ്യത കുറച്ച് ഘട്ടംഘട്ടമായി സമ്പൂർണ്ണ മദ്യ നിരോധനം എന്ന കാഴ്ചപ്പാടിൽ എത്തേണ്ടതാണ്. ഈ വിഷയം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): പ്രഖ്യാപിത മദ്യ നയത്തിൽ മാറ്റം വരുത്താൻ ഗവൺമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ല. സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി ത്രീ സ്റ്റാർ/ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് ലൈസൻസ് പുതുക്കുന്ന സമ്പ്രദായം നിർത്തലാക്കി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 152 ബാറുകൾ അനുവദിച്ച സ്ഥാനത്ത് ഈ ഗവൺമെന്റ് ഇതുവരെ 60 എണ്ണത്തിന് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുകയും ബാർ ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകുകയും വൺഡേ പെർമിറ്റ് ചാർജ് 50000 രൂപയാക്കി വർദ്ധിപ്പിക്കുകയും കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് 15 ലിറ്ററായി ചുരുക്കുകയും മദ്യം വാങ്ങുന്നതിനുള്ള പ്രായപരിധി 21 വയസ്സായി കുറയ്ക്കുകയും മദ്യത്തിനെതിരെ വ്യാപകമായി ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുകയും ഡീ-അഡിക്ഷൻ സെന്ററുകൾക്ക് ഒരു

കോടിയിലധികം രൂപ സഹായം നൽകുകയും ചെയ്തിട്ടുണ്ട്. ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി മദ്യ വിൽപ്പനയുടെ തോതിൽ കുറവ് വരുത്താനും അതുവഴി മദ്യ ഉപഭോഗം ഗണ്യമായി കുറയ്ക്കാനും സാധിച്ചിട്ടുണ്ട്. മദ്യനയത്തിന്റെ ഭാഗമായി ബിവറേജസ് കോർപ്പറേഷന്റെ പുതിയ ഔട്ട്ലെറ്റുകൾ അനുവദിക്കുകയില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ബാറുകൾ അടച്ചുപൂട്ടുന്നതിന്റെ ഫലമായുണ്ടാകുന്ന തൊഴിൽ നഷ്ടം സംബന്ധിച്ച് തൊഴിലാളി സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഞായറാഴ്ച ഡ്രൈ ഡേയാക്കിയപ്പോൾ ശനിയാഴ്ചകളിലെ മദ്യവില്പനയിൽ 60% വർദ്ധനവുണ്ടായിരിക്കുകയാണ്. ഉദയഭാനു കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടില്ല. ബാറുകളുമായി ബന്ധപ്പെട്ട കേസ് നടത്തിപ്പിൽ വീഴ്ച ഉണ്ടായിട്ടില്ല. ഇന്ത്യയിലെ ഏറ്റവും പ്രമുഖനായ വക്കീലാണ് പ്രസ്തുത കേസ് വാദിക്കുന്നത്. ബാർ ഹോട്ടലുടമകളെ സ്വാധീനിച്ച് സർക്കാരിനെ അട്ടിമറിക്കാനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. അടിസ്ഥാന നിയമത്തിൽ മാറ്റം വരുത്താതെ മദ്യ ലഭ്യത കുറച്ച് മുന്നോട്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന

മദ്യനയത്തിൽ അടിസ്ഥാനപരമായ യാതൊരു മാറ്റവും വരുത്താൻ ഉദ്ദേശിക്കുന്നില്ല. ഘട്ടംഘട്ടമായി മദ്യ നിരോധനം നടപ്പാക്കുമെന്ന തീരുമാനത്തിൽനിന്ന് പിന്നോട്ടുപോകില്ല. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ പത്ത് വർഷത്തിനുള്ളിൽ പൂർണ്ണമായും ഇല്ലാതാകും. ഈ മേഖലയിലെ തൊഴിലാളികൾക്കുണ്ടായ തൊഴിൽ നഷ്ടം കണക്കിലെടുത്ത് അവർക്ക് മതിയായ സംരക്ഷണം ഉറപ്പുവരുത്തുന്നതാണ്. ഇതുമൂലം വിനോദസഞ്ചാര രംഗത്തുണ്ടായ തിരിച്ചടിയും സർക്കാർ ഗൗരവമായി കാണുകയാണ്. ബിയർ, വൈൻ പാർലറുകൾക്ക് നിലവിലുള്ള ക്ലബ് ലൈസൻസ് തുടരണമോയെന്നത് സംബന്ധിച്ച് ആലോചിച്ച് തീരുമാനമെടുക്കുന്നതാണ്. മദ്യവിപത്തിൽനിന്നും സമൂഹത്തെ രക്ഷിക്കുന്നതിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതോടൊപ്പം മദ്യനിരോധനവും മദ്യവർജ്ജനവും സമന്വയിപ്പിച്ച് ഫലപ്രദമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു റ്റി. തോമസ്, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം

സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## ശ്രദ്ധക്ഷണിക്കൽ

### (1) അന്താരാഷ്ട്ര അറബിക് സർവ്വകലാശാല

ശ്രീ. പി. ബി. അബ്ദുൾ റസാക്: അറബിക് രാജ്യങ്ങളുമായി കേരളം പുലർത്തിവരുന്ന വ്യാപാര-സാംസ്കാരിക ബന്ധങ്ങളും മറ്റ് സാമ്പത്തിക-തൊഴിൽ അവസരങ്ങളും ആധുനിക ഗൾഫ് രാജ്യങ്ങൾ കെട്ടിപ്പടുക്കുന്നതിൽ കേരളീയർ നൽകിയ സംഭാവനകളും പരിഗണിച്ച് സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര അറബിക് സർവ്വകലാശാല സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അറബിക് സർവ്വകലാശാല യാഥാർത്ഥ്യമായാൽ സംസ്ഥാനത്തിന്റെ വിവിധ മേഖലകൾക്ക് അത് നേട്ടമാവുകയും വിദേശ വിദ്യാർത്ഥികൾ വിവിധ കോഴ്സുകൾ പഠിക്കുന്നതിനായി ഇവിടെ എത്തിച്ചേരുന്നതുവഴി സംസ്ഥാനത്തിന് നല്ലൊരു വരുമാന സ്രോതസ്സുണ്ടാകുകയും ചെയ്യും. വിവർത്തന പരിഭാഷാ രംഗത്ത് നിലനിൽക്കുന്ന തൊഴിൽ സാധ്യതകളിൽ പകുതിയിലധികവും അറബി ഭാഷയിലായിരിക്കുമെന്ന ദേശീയ വിജ്ഞാന കമ്മീഷന്റെ കണ്ടെത്തലുകൾ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള അറബിക് സർവ്വകലാശാലയുടെ ആവശ്യകതയാണ് വെളിപ്പെടുത്തുന്നത്. ജസ്റ്റീസ് സച്ചാർ കമ്മിറ്റി നിർദ്ദേശങ്ങൾ

നടപ്പിലാക്കുന്നതിനായി നിയോഗിച്ച പാലൊളി മുഹമ്മദ് കുട്ടി കമ്മീഷന്റെ പ്രധാന നിർദ്ദേശവും അറബിക് സർവ്വകലാശാല രൂപീകരിക്കണമെന്നതായിരുന്നു. വിവിധ മേഖലകളിലായി അറബി ഭാഷയുമായി ബന്ധപ്പെട്ട് പഠനം നടത്തുന്ന ആയിരക്കണക്കിന് സ്ഥാപനങ്ങളും വിദ്യാർത്ഥികളുമുണ്ട്. ആഗോളതലത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയ സാഹചര്യങ്ങളിൽ വളർന്നുവരുന്ന അറബി ഭാഷയുടെ പ്രാധാന്യത്തിനനുസൃതമായി സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരമുള്ള വിദ്യാഭ്യാസവും തൊഴിൽ സമ്പാദനവും പ്രസ്തുത സർവ്വകലാശാല വഴി സാധ്യമാകുമെന്നത് വസ്തുതയാണ്. രാജ്യത്തിന് മാതൃകയാകുംവിധം സംസ്ഥാനത്ത് ഒരു അന്താരാഷ്ട്ര അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): കേരളത്തിൽ ഒരു അറബിക് സർവ്വകലാശാല സ്ഥാപിക്കണമെന്നുള്ളത് വർഷങ്ങളായുള്ള ആവശ്യമാണ്. ജസ്റ്റിസ് രാജേന്ദ്ര സച്ചാർ കമ്മിറ്റിയുടെയും പാലോളി കമ്മിറ്റിയുടെയും ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 06.05.2008-ൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം കേരളത്തിൽ അറബിക് സർവ്വകലാശാല രൂപീകരിക്കേണ്ടതായിട്ടുണ്ട്. കേരളത്തിൽ ജാതി-മത ഭേദമെന്യേ അറബി ഭാഷാ പഠിതാക്കളുടെയും തൊഴിൽ തേടുന്നവരുടെയും എണ്ണം വർദ്ധിച്ചുവരികയാണ്.

അറബി ഭാഷയും സംസ്കാരവും നൽകിയ സംഭാവനകൾ കേരളത്തിൽ നിരവധി സാമൂഹിക മാറ്റങ്ങൾക്ക് കാരണമായിട്ടുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അറബിക് സർവ്വകലാശാല സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനം കൈക്കൊള്ളേണ്ടതിന്റെ മുന്നോടിയായി കേരളത്തിലെ അറബിക് കോളേജുകളെയും രാജ്യത്തിനകത്തും പുറത്തുമുള്ള അറബിക് സർവ്വകലാശാലകളെയും സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ശേഖരിച്ച വിവരങ്ങൾ പഠിച്ചശേഷം ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## (2) അട്ടപ്പാടിയിലെ പട്ടികവർഗ്ഗ ശിശുമരണം

ശ്രീ. കെ. വി. വിജയദാസ്: പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ ആരോഗ്യക്ഷേമത്തിനായി പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടും ശിശുമരണം വർദ്ധിക്കുകയാണ്. ആദിവാസി ഊരുകളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പൂർണ്ണമായി നടപ്പാക്കാനോ ശുദ്ധജലം ലഭ്യമാക്കാനോ ഐ.എ.വൈ. പദ്ധതി, പരമ്പരാഗത കൃഷി രീതി തുടങ്ങിയവ നടപ്പിലാക്കാനോ സാധിച്ചിട്ടില്ല. പട്ടികവർഗ്ഗ ക്ഷേമത്തിനായി നീക്കിവച്ച ഫണ്ട് പൂർണ്ണമായി ചെലവഴിക്കുന്നില്ല. ആദിവാസികളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ആരംഭിച്ച ന്യൂട്രീഷൻ

റീഹാബിലിറ്റേഷൻ സെന്ററിൽ താമസിക്കാൻ വിസമ്മതിക്കുന്നവരുടെ വീടുകളിൽ പോഷകാഹാരം എത്തിക്കുന്നതിനും ഗർഭിണികൾക്ക് അയൺ, ഫോളിക് ആസിഡ് ഗുളികകൾ മുടക്കം കൂടാതെ നൽകുന്നതിനും റേഷൻ കടകളിലൂടെയും അംഗൻവാടികളിലൂടേയും പോഷക മൂല്യമുള്ള ഭക്ഷണങ്ങൾ വിതരണം ചെയ്യുന്നതിനും അംഗൻവാടികളിലെ കുട്ടികൾക്ക് സർക്കാർ നേരിട്ട് പോഷകാഹാരം വാങ്ങി നൽകുന്നതിനും ആശാ പ്രവർത്തകർക്കും ട്രൈബൽ പ്രൊമോട്ടർമാർക്കും ഫീൽഡ് ഓഫീസർമാർക്കും പുന:പരിശീലനം കൊടുക്കുന്നതിനും ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ലഭിക്കാനുള്ള തുക നൽകുന്നതിനും നടപടി സ്വീകരിക്കണം. കള്ളവാറ്റും കഞ്ചാവ് കൃഷിയും തടയുന്നതിന് എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും ആദിവാസികളുടെ അടിയന്തര ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഊരുവികസന സമിതികളുടെ പണം വിനിയോഗിക്കാൻ അനുമതി നൽകുകയും ചെയ്യണം. അട്ടപ്പാടിയിലെ ആദിവാസികൾക്കായി സമഗ്ര ആരോഗ്യ പരിപോഷണ സർവ്വേ നടത്തണം.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (കുമാരി പി. കെ. ജയലക്ഷ്മി): അട്ടപ്പാടി മേഖലയിലെ നവജാത ശിശുക്കളുടെ മരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രത്യേക

പദ്ധതികൾ നടപ്പിലാക്കി ആദിവാസികളുടെ പോഷകാഹാരക്കുറവിനും രോഗാവസ്ഥയ്ക്കും ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സാധിച്ചിട്ടുണ്ട്. ശിശുമരണങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക പദ്ധതികളും നിലവിലുള്ള മറ്റ് പട്ടികവർഗ്ഗ ക്ഷേമ പദ്ധതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുമന്ത്രിമാരും ജനപ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത അവലോകന യോഗത്തിലെ നിർദ്ദേശങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികളെല്ലാം ഏകോപിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഒറ്റപ്പാലം സബ്കളക്ടറെ നോഡൽ ഓഫീസറായി നിയമിക്കുകയും പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി ജനപ്രതിനിധികളടങ്ങുന്ന സമിതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി നീക്കിവച്ച പണം അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിൽനിന്നും നിയന്ത്രണം ഉണ്ടാകില്ലെന്നത് സംബന്ധിച്ച് മന്ത്രിസഭായോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

**സബ്മിഷൻ**

**(1) <u>നീര യൂണിറ്റുകൾ</u>**

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സംസ്ഥാനത്ത് നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച 15 കോടി രൂപ വകമാറ്റി ചെലവ് ചെയ്യുന്നതിനുള്ള തീരുമാനം പുന:പരിശോധിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ച തുക ഇതിനായി വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ കെ. പി. മോഹനൻ): കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വാണിജ്യാടിസ്ഥാനത്തിൽ നീര ഉത്പാദിപ്പിക്കുന്നതിനായി പത്തു ജില്ലകളിൽ നീര യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 15 കോടി രൂപ ബഡ്ജറ്റിൽ പ്രഖ്യാപിച്ചുവെങ്കിലും തുക ലഭിച്ചില്ല. പിന്നീട് ഉപധനഭ്യർത്ഥനകളിലൂടെ 130 ലക്ഷം രൂപ കാർഷിക സർവ്വകലാശാലയ്ക്ക് അനുവദിക്കുകയും സർവ്വകലാശാലയുടെ കീഴിൽ നീര യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകുകയും നീലേശ്വരം, വെള്ളാനിക്കര, വെള്ളായണി എന്നിവിടങ്ങളിൽ നീര ഉത്പാദനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ കീഴിലും നീര പ്ലാന്റ് പ്രവർത്തിക്കുന്നുണ്ടെങ്കിലും സർക്കാർ ഫണ്ട് നൽകിയിട്ടില്ല.

## (2) അദ്ധ്യാപക പാക്കേജും അദ്ധ്യാപക ബാങ്കും രൂപീകരിക്കൽ

ശ്രീ. കെ. രാധകൃഷ്ണൻ: അദ്ധ്യാപക പാക്കേജ് നടപ്പാക്കുന്നതും അദ്ധ്യാപക ബാങ്ക് രൂപീകരിക്കുന്നതുംമൂലം പി.എസ്.സി. വഴി ജോലി കാത്തിരിക്കുന്ന

ഉദ്യോഗാർത്ഥികളെ ബാധിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): എയ്ഡഡ് മേഖലയിൽ നിരവധി വർഷങ്ങളായി ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്കും തസ്തിക നഷ്ടംമൂലം പുറത്തുപോയ അദ്ധ്യാപകർക്കും സംരക്ഷണം നൽകുന്നതിനായി 1.10.2012-ലെ സർക്കാർ ഉത്തരവ് പ്രകാരം അദ്ധ്യാപക പാക്കേജ് നടപ്പാക്കി. 2014-15 യു.ഐ.ഡി. പ്രകാരം തസ്തിക നിർണ്ണയം നടത്തിയപ്പോൾ കുട്ടികളുടെ കുറവുമൂലം തസ്തിക നഷ്ടപ്പെട്ട അദ്ധ്യാപകരെ ഉചിതമായി പുനർവിന്യസിക്കുന്നതിനുവേണ്ടിയാണ് സർക്കാർ സ്കൂളിനും എയ്ഡഡ് സ്കൂളിനും പ്രത്യേകം അദ്ധ്യാപക ബാങ്ക് രൂപീകരിക്കാൻ തീരുമാനമെടുത്തത്. സർക്കാർ സ്കൂളുകളിൽ പുനർവിന്യസിച്ചിട്ടുള്ള പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പിൻവലിച്ച് ബാങ്കിൽ ഉൾപ്പെടുത്തുമ്പോൾ സർക്കാർ സ്കൂളുകളിൽ ഒഴിവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. കുട്ടികളുടെ കുറവുമൂലം സർക്കാർ സ്കൂളുകളിൽ അദ്ധ്യാപകർ അധികമുള്ള സാഹചര്യത്തിൽ 1:30/1:35 എന്ന അനുപാതത്തിൽ അതാത് സ്കൂളുകളിൽ നിലനിർത്താനും അപ്രകാരം നിലനിർത്താൻ കഴിയാത്തവരെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പുനർവിന്യസിക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. വിവിധ ജില്ലകളിൽനിന്ന് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് നിലവിലെ പി.എസ്.സി ലിസ്റ്റിൽനിന്നും നിയമന ശിപാർശ ലഭിച്ചവർക്ക് സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച്

നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശിപാർശ സമർപ്പിച്ചിട്ടുണ്ട്. അദ്ധ്യാപക പാക്കേജ് പുതിയ നിയമനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്നില്ല. നിലവിലുള്ള അദ്ധ്യാപകരുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ആർ.എം.എസ്.എ., എസ്.എസ്.എ. പദ്ധതികളിലേയ്ക്ക് ബാങ്ക് മുഖേന പുനർവിന്യസിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പാക്കേജ് വഴിയും ബാങ്ക് രൂപീകരണത്തിലൂടെയും കണ്ടെത്തിയ എയ്ഡഡ് അദ്ധ്യാപകരെ സർക്കാർ സ്കൂളുകളിലേയ്ക്ക് പുനർവിന്യസിക്കുവാൻ തീരുമാനിച്ചിട്ടില്ല.

## (3) വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ

ശ്രീ. പി. ഉബൈദുള്ള: വിദ്യാർത്ഥികൾക്കുള്ള വിവിധ സ്കോളർഷിപ്പുകൾ നൽകുന്നതിനായി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രത്യേക സംവിധാനം ആരംഭിക്കുന്നതിനും അപേക്ഷകൾ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വെയർ വഴി സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): ഹയർ സെക്കൻഡറി മുതൽ പി.എച്ച്.ഡി. തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഓൺലൈൻ വഴിയാണ് സ്കോളർഷിപ്പുകൾ ലഭ്യമാക്കുന്നത്. പൊതുവിദ്യാഭ്യസ വകുപ്പിൽ കേന്ദ്ര സർക്കാരിൽനിന്നുള്ള സ്കോളർഷിപ്പുകൾ ഇ-ട്രാൻസ്ഫർ മുഖേനയാണ് നൽകിവരുന്നത്. മറ്റ് സ്കോളർഷിപ്പുകൾ പൊതുവിദ്യാഭ്യസ വകുപ്പ് ഡയറക്ടറുടെ കീഴിൽ ഒരു പ്രത്യേക

സംവിധാനത്തിലേയ്ക്ക് മാറ്റുന്ന കാര്യം ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

## (4) പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം

ശ്രീ. പി. കെ. ഗുരുദാസൻ: കൊല്ലം ജില്ലയിലെ പ്ലാനിംഗ് ഓഫീസ് കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊല്ലം ജില്ലയിലെ പ്ലാനിംഗ് ഓഫീസ് കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് 15-12-2014-ൽ വിളിച്ചുചേർത്ത യോഗ തീരുമാനപ്രകാരം ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2015 ജനുവരി മാസത്തോടുകൂടി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## (5) കൊയിലാണ്ടി എൻ.എച്ച്-ലെ ഗതാഗതക്കുരുക്ക്

ശ്രീ. കെ. ദാസൻ: കൊയിലാണ്ടി നഗരത്തിലെ എൻ.എച്ച്.-ൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി പി.ഡബ്ല്യൂ.ഡി., ട്രാഫിക്, എൻ.എച്ച് അതോറിറ്റി എന്നിവയെ ഏകോപിപ്പിച്ച് ഒരു കർമ്മ പരിപാടി ആസൂത്രണം ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കൊയിലാണ്ടി നഗരത്തിലെ നാഷണൽ ഹൈവേയുടെ ഇരുവശവും വാണിജ്യസ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നതിനാൽ റോഡ് വീതികൂട്ടുന്നതിന് സ്ഥലം ഏറ്റെടുക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. നടപ്പാതകളിലെ

അനധികൃത കച്ചവടം ഒഴിവാക്കി പൊതുജനങ്ങൾക്ക് സഞ്ചരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി ഇപ്പോഴുള്ള ട്രാഫിക് ബ്ലോക്ക് പരിഹരിക്കാൻ ശ്രമിക്കുന്നതാണ്. ദേശീയ പാതയ്ക്ക് കിഴക്കുവശത്തിനും പടിഞ്ഞാറുവശത്തിനും സമാന്തരമായി നിർമ്മിക്കുന്ന ബൈപ്പാസ് റോഡിന്റെയും തീരദേശ റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കുന്ന നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (6) ആദിവാസി തടവുകാർക്ക് നിയമസഹായം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: ജയിൽ വിചാരണ തടവുകാരായി കഴിയുന്ന വയനാട് ജില്ലയിലെ ആദിവാസികൾക്ക് നിയമസഹായം ലഭ്യമാക്കുന്നതിനും ജാമ്യം ലഭിക്കുന്ന കേസുകളിൽ ജാമ്യം നൽകുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വയനാട് ജില്ലയിലെ രണ്ടു ജയിലുകളിലായി 41 ആദിവാസി തടവുകാരിൽ കേസ് നടത്തിക്കൊണ്ടുപോകാൻ കഴിയാത്തവരെ സഹായിക്കുന്നതിനായി കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ സൗജന്യ നിയമസഹായ ക്ലിനിക്കുകൾ വഴി ആഴ്ചയിലൊരിക്കൽ ജയിലുകൾ സന്ദർശിച്ച് ആവശ്യമായ നിയമസഹായം ലഭ്യമാക്കാൻ ശ്രമിക്കുന്നുണ്ട്. വിചാരണ തടവുകാരായി ഇപ്പോൾ ആരുംതന്നെ ജയിലുകളിൽ കഴിയുന്നില്ല. നിയമപരിരക്ഷ ലഭിക്കാൻ അർഹതയുള്ളവർ ആരെങ്കിലും ജയിലുകളിൽ കഴിയുകയാണെങ്കിൽ അവർക്ക് നിയമസഹായം കൊടുത്ത് പുറത്തുകൊണ്ടുവരുന്നതിനുള്ള നടപടികൾ

സ്വീകരിക്കുന്നതാണ്.

## (7) ജിനചന്ദ്ര സ്റ്റേഡിയത്തിന്റെ നിർമ്മാണം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: വയനാട് ജില്ലയിൽ ജിനചന്ദ്ര മെമ്മോറിയൽ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജിനചന്ദ്ര മെമ്മോറിയൽ സ്റ്റേഡിയത്തിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ കരാർ അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി 41,73,114 രൂപയുടെ ഫൈനൽ ക്ലെയിം സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. ജിനചന്ദ്ര സ്റ്റേഡിയം സന്ദർശിച്ച് ടി നിർമ്മാണപ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചും ഇതുവരെ നടത്തിയിട്ടുള്ള പ്രവൃത്തികളിന്മേൽ നടന്നിട്ടുള്ള ക്രമക്കേടുകളെക്കുറിച്ചും അന്വേഷിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കൗൺസിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയംഗത്തിനെ സ്പോർട്സ് കൗൺസിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (8) കുരിശടികൾ തകർക്കപ്പെട്ട സംഭവം

ശ്രീ. മാത്യു ടി. തോമസ്: തിരുവല്ല നിയോജകമണ്ഡലത്തിലെ കല്ലൂപ്പാറ

പഞ്ചായത്തിലെ കുരിശടികൾ തകർക്കപ്പെട്ട സംഭവത്തക്കുറിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ: ആറന്മുള നിയോജമണ്ഡലത്തിലെ വള്ളംകുളം സെന്റ് മേരീസ് ഓർത്തഡോക്സ് ചർച്ചിന്റെ കുരിശടി തകർത്ത സംഭവത്തെക്കുറിച്ച് അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): കീഴ്വായ്പൂർ പോലീസ് സ്റ്റേഷൻ പരിധിയിലെ കടമാങ്കുളം, പുതുശ്ശേരി, കല്ലൂപ്പാറ എന്നിവിടങ്ങളിലെ കുരിശടികൾക്കുനേരെയുണ്ടായ അക്രമങ്ങൾക്കെതിരെ മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി അക്രമങ്ങളിൽ 87000 രൂപയുടെ നാശനഷ്ടമുണ്ടായതായിട്ടാണ് പരാതിപ്പെട്ടിട്ടുള്ളത്. മല്ലപ്പള്ളി പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ നടത്തിവരുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ തിരുവല്ല ഞാലിയക്കുണ്ടം ഭാഗത്തുനിന്നും രാത്രി ബൈക്കിൽ വന്ന രണ്ടുപേരെ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിവരികയാണ്. പള്ളിയുടെ സമീപപ്രദേശങ്ങളിലുള്ള കടകളിലും ബാങ്കുകളിലും പെട്രോൾ പമ്പുകളിലും സ്ഥാപിച്ചിട്ടുള്ള നിരീക്ഷണ ക്യാമറകളിലെ ദൃശ്യങ്ങൾ പോലീസ് പരിശോധിക്കുന്നതോടൊപ്പം ഈ സ്ഥലത്തുകൂടി രാത്രി സമയത്ത് സഞ്ചരിക്കുന്ന യാത്രക്കാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനായി മൊബൈൽ ഫോൺ

ടവർകേന്ദ്രീകരിച്ച് സൈബർ സെല്ലിന്റെ സഹായത്തോടെ പരിശോധന നടത്തിവരികയുമാണ്. വള്ളംകുളത്തുള്ള കുരിശടി തകർത്തതുമായി ബന്ധപ്പെട്ട് തിരുവല്ല പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തിരുവല്ല പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ അന്വേഷണം നടന്നുവരികയാണ്. ടി കേസന്വേഷണങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി ഫിംഗർ പ്രിന്റ് ബ്യൂറോ, സയന്റിഫിക് വിദഗ്ദ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ് സ്ക്വാഡ് എന്നീവിഭാഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നതാണ്. വിവിധ പ്രദേശങ്ങളിൽ നടക്കുന്ന ഇത്തരം അക്രമങ്ങൾ തടയുന്നതിനായി രാത്രികാല പട്രോളിംഗ് ശക്തമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## (9) കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി

ഡോ. ടി. എം. തോമസ് ഐസക്: സംസ്ഥാനത്തെ കയർ വ്യവസായ സഹകരണ സംഘങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും ബാങ്കുകാരുടെ യോഗം വിളിച്ച് ജപ്തി നടപടികൾ നിർത്തിവയ്ക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):കയർ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിനും ഈ മേഖലയിലെ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. വായ്പയെടുത്ത കയർ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സംരംഭകർ ജപ്തി ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന മൂലധനം സർക്കാർ വർദ്ധിപ്പിച്ചുനൽകിയെങ്കിലും കയർ സഹകരണ സംഘങ്ങളുടെ വായ്പകുടിശ്ശിക പ്രശ്നമായിരിക്കുന്ന സാഹചര്യത്തിൽ വായ്പ സെറ്റിൽ ചെയ്യുന്നതിനായി കയർ കടാശ്വാസ പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണിച്ചുവരികയാണ്. വാണിജ്യ-ഗ്രാമീണ ബാങ്കുകൾ, സഹകരണ വായ്പാ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ, സർക്കാർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കയർ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുവാനായി വായ്പ വാങ്ങിയ ചെറുകിട കയറുൽപ്പാദകർ, കയർ വ്യവസായത്തിനായി രൂപീകരിച്ച സ്വാശ്രയ ചെറുകിട ഉൽപ്പാദക സംഘങ്ങൾ, കയർ മേഖലയിലെ ക്ലസ്റ്ററുകൾ, സഹകരണ സംഘങ്ങൾ എന്നീ മേഖലകളെ ഉൾപ്പെടുത്തിയും നേരത്തെ നൽകിയിരുന്ന കടാശ്വാസ തുകയുടെ പരിധി വർദ്ധിപ്പിച്ചും കടാശ്വാസ പദ്ധതി നടപ്പിലാക്കാനുള്ള സമഗ്രമായൊരു പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഈ സഭാ സമ്മേളനം കഴിഞ്ഞശേഷം വായ്പ നൽകിയിട്ടുള്ള ബാങ്കുകളുടെ യോഗം വിളിച്ചുചേർത്ത് ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്.

## (10) <u>സ്കൂൾ അദ്ധ്യാപകനായ കെ. കെ. അനീഷിന്റെ മരണം</u>

<u>ശ്രീ. ഇ. കെ. വിജയൻ</u>: മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനായ കെ. കെ. അനീഷ് കുമാർ ആത്മഹത്യ ചെയ്ത സംഭവത്തെ സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തി ശിക്ഷിക്കുന്നതിനും കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനായ കെ. കെ. അനീഷ് കുമാർ മലമ്പുഴ ഉല്ലാസ് ലോഡ്ജിൽ രക്തം വാർന്ന് മരിച്ചുകിടന്നതുമായി ബന്ധപ്പെട്ട് ലോഡ്ജ് മാനേജർ ഹരിദാസിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ മലമ്പുഴ പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോസ്റ്റുമോർട്ടത്തിൽ കഴുത്തിനേറ്റ ആഴത്തിലുള്ള മുറിവാണ് മരണകാരണമെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ അന്വേഷണത്തിനായി കേസ് ജില്ലാ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചു. മരണപ്പെട്ട അനീഷിന്റെ കുടുംബക്കാരുടെയും സഹപ്രവർത്തകരുടെയും മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തിയതിൽ സ്കൂളിലുണ്ടായ ചില പ്രശ്നങ്ങളുടെ പേരിൽ അനീഷിനെ സർവ്വീസിൽ നിന്ന് പിരിച്ചുവിട്ടതിലുള്ള മനോവിഷമത്തിലാണ് ആത്മഹത്യ ചെയ്തതെന്ന് മനസ്സിലാകുകയും ടിയാളുകൾ നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കേസന്വേഷിച്ച് ബഹുമാനപ്പെട്ട കോടതി

മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ച് ഊർജ്ജിതമായ അന്വേഷണം നടത്തിവരികയുമാണ്.

## (11) ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡ് കോഴ്സ്

ശ്രീ. എ. റ്റി. ജോർജ്: ഐ.ടി.ഐ.-കളിൽ പഠിപ്പിച്ചുവരുന്ന ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ ട്രേഡ് കേരളാ പി.എസ്.സി. അംഗീകരിക്കാത്തതു സംബന്ധിച്ചും ജോലി സാധ്യതയുള്ള പ്രസ്തുത ട്രേഡ് കേരളത്തിൽ നിർത്തലാക്കാനുള്ള നീക്കം ഒഴിവാക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഒരു വർഷത്തെ കോഴ്സാണ് എൻ.സി.വി.റ്റി. യുടെ അംഗീകാരമുള്ള ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ കോഴ്സ്. ആരോഗ്യ വകുപ്പിന്റെ കീഴിൽ രണ്ട് വർഷ കോഴ്സ് നടത്തുന്നതിനാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ഒരു വർഷ കോഴ്സ് പര്യാപ്തമല്ലെന്നുള്ള നിലപാടാണ് ഡിപ്പാർട്ടുമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഒരു വർഷത്തെ കോഴ്സ് പഠിച്ചിറങ്ങുന്ന കുട്ടികൾക്ക് ജോലി സാദ്ധ്യതയില്ലാത്ത സാഹചര്യത്തിലാണ് പ്രസ്തുത കോഴ്സ് നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇവർക്ക് സർക്കാർ മേഖലയിൽ തൊഴിൽ ലഭിക്കുന്ന സാഹചര്യമുണ്ടാകുന്നപക്ഷം ഇക്കാര്യം പുനഃപരിശോധിക്കാവുന്നതാണ്.

## (12) ഇരുമ്പുരുക്ക് കമ്പനി തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

<u>ശ്രീ. എം. ഹംസ</u>: പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഇരുമ്പുരുക്ക് വ്യവസായ കേന്ദ്രങ്ങളിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഇരുമ്പുരുക്ക് വ്യവസായ കേന്ദ്രങ്ങളിലെ തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാർ ഗൗരവമായെടുത്തിട്ടുണ്ട്. പ്രസ്തുത പ്രദേശത്തെ 44 ഇരുമ്പുരുക്ക് വ്യവസായ സ്ഥാപനങ്ങളിൽ പ്രവർത്തനരഹിതമായ 13 സ്ഥാപനങ്ങളൊഴികെയുള്ളവയിൽ പരിശോധന നടത്തുകയും 26 സ്ഥാപനങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തു. പരിശോധനാവേളയിലും റെക്ടിഫൈ ചെയ്തെന്ന റിപ്പോർട്ട് നൽകുന്ന സന്ദർഭത്തിലും വീഡിയോയും ഫോട്ടോഗ്രാഫും അപ്‌ലോഡ് ചെയ്യുകയും അവയുടെ കോപ്പി അയച്ചുതരണമെന്നും നിഷ്കർഷിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി കണ്ട് ഉത്തരവാദികൾക്കെതിരെ മാതൃകാപരമായ നടപടി കൈക്കൊള്ളുന്നതാണ്.

## (13) <u>ഇളമ്പ്രക്കോട് ഇക്കോടൂറിസം കേന്ദ്രമാക്കേണ്ടത് സംബന്ധിച്ച്</u>

<u>ശ്രീ. വർക്കല കഹാർ</u>: വർക്കല നിയോജകമണ്ഡലത്തിലെ സംരക്ഷിത വനപ്രദേശമായ ഇളമ്പ്രക്കോടിനെ ഇക്കോടൂറിസം കേന്ദ്രമാക്കുന്നതിനും വൈൽഡ്

ലൈഫ് സഫാരി പാർക്ക് ആക്കി വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ഇക്കോ ടൂറിസം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകുന്നതാണ്. ഇളമ്പ്രക്കോട് പ്രദേശം വന്യജീവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥയ്ക്കുപുറത്തുള്ള ജനവാസ കേന്ദ്രത്തിലായതിനാൽ വൈൽഡ് ലൈഫ് സഫാരി പാർക്ക് സ്ഥാപിക്കുന്നതിന് ചില പരിമിതികളുണ്ടെങ്കിലും നാഷണൽ വൈൽഡ് ലൈഫ് ഡിപ്പാർട്ടുമെന്റുമായി ആലോചിച്ച് പോസിറ്റീവായ മറുപടി കിട്ടുകയാണെങ്കിൽ ഇക്കാര്യം ഗവൺമെന്റ് നടപ്പിലാക്കുന്നതായിരിക്കും.

## (14) കായികതാരങ്ങൾക്കും പരിശീലകർക്കും ആനുകൂല്യങ്ങൾ

ശ്രീ. റ്റി. യു. കുരുവിള: കോതമംഗലം ആസ്ഥാനമായി കായിക സർവ്വകലാശാല ആരംഭിക്കുന്നതിനും കായിക സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ജനറൽ സ്കൂളുകളിലെ കായിക വിദ്യാർത്ഥികൾക്കും കായികാദ്ധ്യാപകർക്കും ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): കായികരംഗത്ത് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തിയും വിദഗ്ദ്ധ പരിശീലനം നൽകിയും മികച്ച കായിക താരങ്ങളെ

വാർത്തെടുക്കുക എന്ന ഉദ്ദേശമാണ് കായിക സർവ്വകലാശാല എന്ന ആശയത്തിന് പിന്നിലുള്ളത്. സർവ്വകലാശാലയുടെ ആസ്ഥാനം സംബന്ധിച്ച കാര്യത്തിൽ തീരുമാനമായിട്ടില്ല. മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ജനറൽ സ്കൂളുകളിലെ കായികതാരങ്ങൾക്ക് വർദ്ധിപ്പിച്ച ആനുകൂല്യം നൽകുന്നതിനുള്ള നടപടി വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

## (15) റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ

ശ്രീ. അൻവർ സാദത്ത്: കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബിൽ നിയമമാകുമ്പോൾ സംസ്ഥാന മോട്ടോർ വാഹന ഗതാഗത മേഖല നേരിടേണ്ടിവരുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനും ഈ ബില്ലിനെതിരായ പൊതുവികാരം കേന്ദ്രത്തെ അറിയിക്കുന്നതിനായി കേരള നിയമസഭയിൽ പ്രമേയം കൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): റോഡ് ട്രാൻസ്പോർട്ട് സേഫ്റ്റി ബില്ലുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ അഭിപ്രായവ്യത്യാസങ്ങൾ കേന്ദ്ര സർക്കാരിനെ ധരിപ്പിച്ചിട്ടുണ്ട്. ബിൽ പ്രാബല്യത്തിൽ വന്നാൽ ഈ മേഖലയിൽ സംസ്ഥാനങ്ങൾക്ക് നിലവിലുള്ള അധികാരം നഷ്ടപ്പെടുകയും ഡ്രൈവിംഗ് സ്കൂളുകൾ, കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹനഉടമകൾ എന്നിവയെ

ദോഷകരമായി ബാധിക്കുകയും മോട്ടോർ വാഹന നികുതി പിരിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിലേയ്ക്ക് നിക്ഷിപ്തമാകുകയും ചെയ്യുമെന്നതിനാൽ ഈ ബില്ലിനോട് യോജിക്കാൻ സാധിക്കില്ല എന്ന വിവരം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ബില്ലിനെതിരായി പ്രമേയം പാസ്സാക്കുന്നതു സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് കാര്യോപദേശ സമിതിയാണ്.

## (16) വിഭിന്നശേഷിയുള്ളവരുടെ സുരക്ഷ ഉറപ്പാക്കൽ

ശ്രീ. ആർ. സെൽവരാജ്: സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള ആളുകളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനും പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

പഞ്ചായത്തു സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): നിലവിലുള്ള നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് വിഭിന്നശേഷിയുള്ളവർക്കായി ഒട്ടേറെ ക്ഷേമപദ്ധതികൾ സർക്കാർ നടപ്പിലാക്കിവരികയാണ്. ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തി ബഹുനിലമന്ദിരങ്ങളിൽ ഇവർക്കാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും അവ അവലോകനം ചെയ്യുന്നതിനുമായി സംസ്ഥാന ഉന്നതതല സമിതിയെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊതുസ്ഥലങ്ങളും സ്ഥാപനങ്ങളും വികലാംഗ സൗഹൃദമാക്കുന്നതിന് അക്സസ് ഓഡിറ്റ് നടത്തുന്നതിനും ബാരിയർ ഫ്രീ അല്ലാത്ത

കെട്ടിടങ്ങളുടെ കണക്കെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ അക്സസ് ഫോർ ആൾ എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും കലാലയങ്ങളിൽ ഭിന്നശേഷിയുള്ളവരുടെ വീൽചെയർ കടന്നെത്തുന്ന തരത്തിലുള്ള അഡാപ്റ്റീവ് ടോയ്ലറ്റുകൾ സ്ഥാപിക്കുന്നതിനും കണ്ണൂർ ജില്ലയെ സമ്പൂർണ്ണ അക്സസ് ഫ്രീ ജില്ലയായി പ്രഖ്യാപിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## (17) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. പി. എ. മാധവൻ: തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ അംഗങ്ങളായി സേവനമനുഷ്ഠിച്ച മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പഞ്ചായത്തു സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): കേരള സാമൂഹ്യ സുരക്ഷാമിഷന്റെ സാമൂഹ്യ സുരക്ഷാ പദ്ധതികളിൽ പണമടയ്ക്കുന്ന പഞ്ചായത്തുകളിലെ മുൻ ജനപ്രതിനിധികൾക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തി ചികിത്സാ സഹായം നൽകുന്നതിനും ത്രിതല പഞ്ചായത്തുകളിലെയും നഗരസഭാ കോർപ്പറേഷനുകളിലെയും മുൻ ജനപ്രതിനിധികൾക്ക് തിരിച്ചറിയൽ കാർഡുകൾ അനുവദിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ കുറഞ്ഞത് അഞ്ച് വർഷം

പൂർത്തിയാക്കിയതും 60 വയസ് പൂർത്തിയായതും മറ്റൊരു പെൻഷനും ലഭിക്കാത്തതുമായ മുൻ ജനപ്രതിനിധികൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ഉപാധികളോടെ പെൻഷൻ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

## (18) ഇനാം പട്ടയം കൈവശമുള്ളവർക്ക് പോക്കുവരവ് ലഭ്യമാക്കൽ

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: കൊച്ചി, കണയന്നൂർ താലൂക്കുകളിൽ ഇനാം പട്ടയം കൈവശമുള്ള കുടുംബങ്ങൾക്ക് പോക്കുവരവ് ചെയ്തുകൊടുക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർവ്വീസ് ഇനാം പട്ടയം കൈവശമുള്ളവർക്ക് ഭൂമി പതിച്ചുകിട്ടുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ട സമയപരിധിക്കുശേഷം ലഭിച്ച 500-ലധികം അപേക്ഷകൾ വിവിധ ഇനാം സെറ്റിൽമെന്റ് ഓഫീസുകളിലായി തീർപ്പാക്കാൻ അവശേഷിച്ചിട്ടുള്ളതായും സമയപരിധി കഴിഞ്ഞതിനാൽ പ്രസ്തുത അപേക്ഷകൾ നിരസിക്കേണ്ട സാഹചര്യമുള്ളതായും ലാന്റ് ബോർഡ് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമയപരിധി 31-12-2015 വരെ ദീർഘിപ്പിച്ച് നൽകുന്നതിനുള്ള വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന് മുൻകാല പ്രാബല്യമില്ലാത്തതിനാൽ 01-12-2001-നും വിജ്ഞാപനം നിലവിൽവന്ന 28-11-

2014-നും ഇടയ്ക്കുള്ള കാലയളവിൽ അനുവദിച്ച സർവ്വീസ് ഇനാം പട്ടയങ്ങൾ സാധൂകരിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (19) കൃഷിനാശം ഉണ്ടാകുന്നവർക്ക് ധനസഹായം

ശ്രീ. സണ്ണി ജോസഫ്: കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം പ്രകൃതിക്ഷോഭവും വന്യമൃഗശല്യവുംമൂലം കൃഷിനാശം സംഭവിക്കുന്നവർക്കുള്ള ധനസഹായം വെട്ടിക്കുറച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് പുറത്തിറക്കിയ ഉത്തരവ് പുനഃപരിശോധിക്കുന്നതിനും നിലവിൽ കൃഷിനാശം നേരിടുന്നവർക്ക് അനുവദിക്കുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എസ്.ഡി.ആർ.എഫ്./എൻ.ഡി.ആർ.എഫ്. മാനുവലിലെ 7-ാം ഖണ്ഡിക പ്രകാരം കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ദുരന്ത പ്രതികരണ നിധി വിനിയോഗിക്കാവൂ എന്നും അപ്രകാരം നിശ്ചയിക്കപ്പെട്ട തുകയെക്കാൾ അധികം വേണ്ടിവരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥയുണ്ട്. മാനദണ്ഡത്തിന് വിരുദ്ധമായ എസ്.ഡി.ആർ.എഫ്.-ൽ നിന്നും ധനസഹായം അനുവദിക്കുന്നത് ഓഡിറ്റ് ഒബ്ജക്ഷനും കേന്ദ്ര ധനസഹായം തടയുന്നതിനും കാരണമാകും. ഓരോ വകുപ്പും ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായി വാർഷിക ബഡ്ജറ്റിൽ പ്രത്യേക തുക

വകയിരുത്തണമെന്ന് ഡിസാസ്റ്റർ മാനേജ്മെന്റ് നിയമത്തിലും നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വിള ഇൻഷ്വറൻസ് തുടങ്ങി വിവിധ പദ്ധതികൾ കൃഷി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിവരുന്നു.

**(20) മിച്ചഭൂമി പ്രശ്നം പരിഹരിച്ച് കർഷകർക്ക് പട്ടയം നൽകൽ**

ശ്രീ. ഷാഫി പറമ്പിൽ: പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി, വണ്ടാഴി പഞ്ചായത്തുകളിലെ കർഷകരുടെ മിച്ചഭൂമി പ്രശ്നം പരിഹരിക്കുന്നതിനും റവന്യൂ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഉന്നതാധികാര സമിതിയെ ചുമതലപ്പെടുത്തി പട്ടയ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും അർഹരായവർക്ക് പട്ടയം നൽകുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): യു.ടി.ടി. കമ്പനിവക സ്ഥലത്തിന് അവകാശവാദമുന്നയിച്ചുകൊണ്ടുള്ള 931 അപേക്ഷകൾ മതിയായ രേഖകളുടെ അഭാവത്താൽ തള്ളിക്കളഞ്ഞുവെങ്കിലും മേൽപ്പറഞ്ഞ കക്ഷികൾ കൈവശം വച്ചിരുന്ന സ്ഥലം, കമ്പനി നേരിട്ട് കൊടുത്തിട്ടുള്ളതും ആധാരമാക്കിയതുമായ ഭൂമി, ലാന്റ് ട്രൈബ്യൂണൽ പട്ടയം കൊടുത്തിട്ടുള്ള ഭൂമി, വനം വകുപ്പിന്റെ കൈവശമുള്ള ഭൂമി എന്നിവ ഒഴിവാക്കി ബാക്കിയുള്ള 2313.55 ഏക്കർ മിച്ചഭൂമി 24-01-2011-ന് ആലത്തൂർ അഡീഷണൽ തഹസീൽദാർ ഏറ്റെടുക്കുകയും ഫോറം 16 പ്രസിദ്ധീകരിച്ച് ഏറ്റെടുത്ത ഭൂമി വിതരണം ചെയ്യുകയുമുണ്ടായി. എന്നാൽ

ഇത്തരത്തിൽ മിച്ചഭൂമി ഏറ്റെടുത്ത് പതിച്ചുനൽകുന്നതിനെതിരായും ഒരേക്കറിൽ കൂടുതൽ കൈവശഭൂമിയുള്ള കൃഷിക്കാർക്ക് മേൽപ്പടി ഭൂമി പതിച്ചുനൽകണമെന്നും കാണിച്ച് നിരവധി കൈവശക്കാർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയുണ്ടായി. കേരളാ ഭൂപരിഷ്കരണ നിയമപ്രകാരം പരമാവധി ഒരേക്കർ ഭൂമി മാത്രമേ പതിച്ചുനൽകാൻ കഴിയുകയുള്ളൂ. കൂടാതെ, വനഭൂമി, പട്ടയഭൂമി, മിച്ചഭൂമി എന്നിവ വ്യക്തമായി അളന്ന് തിട്ടപ്പെടുത്തിയാൽ മാത്രമേ പരാതി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. പട്ടയ വിതരണത്തിൽ വന്ന ക്രമക്കേടുകൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (21) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

ശ്രീ. ഇ. പി. ജയരാജൻ: മട്ടന്നൂർ നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുള്ള മണക്കായിക്കടവ്, അരങ്ങോട് പുഴ, കുളിക്കടവ്, വട്ടോളി തുടങ്ങിയ പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): മട്ടന്നൂർ നിയോജക മണ്ഡലത്തിലെ മണക്കായിക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം ലഭ്യമാക്കാമെന്ന് മുനിസിപ്പാലിറ്റി അറിയിച്ചതിനെത്തുടർന്ന് 475 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. അരങ്ങോട് പുഴ പാലത്തിന്റെ

ഇൻവെസ്റ്റിഗേഷൻ എത്രയുംവേഗം പൂർത്തിയാക്കി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. കുളിക്കടവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുകയും 450 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. വട്ടോളി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കിവരികയാണ്. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

## (22) <u>നേമം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം</u>

<u>ശ്രീ. വി. ശിവൻകുട്ടി</u>: കേന്ദ്രനിയമത്തിന്റെ സബ്റൂളുണ്ടാക്കി ലാന്റ് അക്വിസിഷൻ നടപടികൾ ത്വരിതപ്പെടുത്തി നേമം മണ്ഡലത്തിലെ ഒമ്പത് പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): കേന്ദ്ര നിയമത്തിന്റെ സബ്റൂൾ ഫ്രെയിം ചെയ്യാത്തതിനാലാണ് നേമം നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ലാന്റ് അക്വിസിഷൻ നടപടികൾ ആരംഭിക്കാൻ കഴിയാത്തത്. ഒരു മാസത്തിനകം റൂൾ

ഫ്രെയിം ചെയ്തുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. കരിമം-തിരുവല്ലം റോഡിലെ മധുപാലത്തിന് 700 ലക്ഷം രൂപയുടെയും പള്ളത്തുകടവ് പാലത്തിന് 850 ലക്ഷം രൂപയുടെയും കല്ലടിമുഖം പാലത്തിന് 500 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 65 സെന്റ് സ്ഥലം ആവശ്യമായ മുടവൻമുകൾ പാലത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. മങ്കാട്ടുകടവ്, കീഴാറന്നൂർ, തിരുവല്ലം ഇടയാർ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരികയാണ്. പനത്തുറ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടില്ല.

## (23) അങ്കമാലി ബൈപ്പാസ്, കാലടി ശ്രീശങ്കരാചാര്യ സമാന്തര പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

ശ്രീ. ജോസ് തെറ്റയിൽ: അങ്കമാലി ബൈപ്പാസിന്റെയും കാലടി ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഭാരിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന അങ്കമാലി ബൈപ്പാസ് നിർമ്മിക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും 25 ലക്ഷം രൂപ ചെലവിൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 42 കോടി

രൂപയുടെ ഭരണാനുമതി നൽകിയ കാലടി ശ്രീശങ്കരാചാര്യ സമാന്തര പാലത്തിന്റെ അലൈൻമെന്റ് പുന:ക്രമീകരിക്കാൻ തീരുമാനിക്കുകയും ഇതിനായി സർവ്വേ നടത്തുന്നതിനും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുമായി 1.94 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് പുതുക്കി നിർണ്ണയിച്ച് പുതിയ ഡി.പി.ആർ. തയ്യാറാക്കിയശേഷം പുതുക്കിയ ഭരണാനുമതി നൽകി പ്രവൃത്തി ആരംഭിക്കുന്നതാണ്.

## (24) <u>മണ്ണുത്തി-അങ്കമാലി നാലുവരിപ്പാതയുടെ നിർമ്മാണപ്രവർത്തനങ്ങൾ</u>

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: ദേശീയപാത 47-ൽ മണ്ണുത്തി-അങ്കമാലി നാലുവരിപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട കരാറിലുൾപ്പെട്ട അനുബന്ധ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഡി.പി.ആർ. തയ്യാറാക്കി വർഷങ്ങൾക്കുശേഷം യാഥാർത്ഥ്യമാകുന്ന മണ്ണുത്തി-അങ്കമാലി നാലുവരിപ്പാതയുടെ സർവ്വീസ് റോഡുകൾക്കായി സംസ്ഥാന സർക്കാർ 63.66 കോടി രൂപയുടെ എസ്റ്റിമേറ്റെടുത്തിട്ടുണ്ട്. സാമ്പത്തിക ബുദ്ധിമുട്ടുകൊണ്ട് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല.

## (25) <u>ചാവക്കാട്-വടക്കാഞ്ചേരി റോഡിന്റെ പുനരുദ്ധാരണം</u>

ശ്രീ. ബാബു എം. പാലിശ്ശേരി: കുന്നംകുളം നിയോജകമണ്ഡലത്തിലെ ചാവക്കാട്-വടക്കാഞ്ചേരി റൂട്ടിലെ കുന്നംകുളം-ചാട്ടുകുളം റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കുന്നംകുളം-ചാട്ടുകുളം റോഡിന്റെ പുനരുദ്ധാരണത്തിനും ബി.എം. & ബി. സി. ചെയ്യുന്നതിനുമായി 185 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ടെണ്ടർ കമ്മിറ്റി ശിപാർശ ചെയ്ത അധിക നിരക്കിൽ പണി ഏറ്റെടുക്കാൻ കരാറുകാരൻ തയ്യാറാകാത്തതിനെത്തുടർന്ന് 15-12-2011-ൽ ചേർന്ന ടെണ്ടർ കമ്മിറ്റി 35% അധിക നിരക്ക് അനുവദിക്കുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പൈപ്പ് ലൈനുകൾ മാറ്റുന്നതിലും വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ തുക നൽകുന്നതിലും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിലുമുണ്ടായ കാലതാമസം കാരണം പണികൾ യഥാസമയം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. 31-01-2015-നുമുമ്പ് പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിയേഴ് മുതൽ ഇരുപത്തിയൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(2) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

### (1) 2014-ലെ ദി കേരള സർവീസ് (തേർഡ് അമന്റ്മെന്റ്) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ : 2014 ഒക്ടോബർ 1-ാം തീയതിയിലെ ജി.ഒ.(പി) നമ്പർ 429/2014/ഫിൻ (എസ്.ആർ.ഒ. നമ്പർ 614/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള സർവീസ് (തേർഡ് അമന്റ്മെന്റ്) ചട്ടങ്ങൾക്ക് നിയമസഭാ സെക്രട്ടേറിയറ്റിലെ ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറി എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ടുമെന്റിലെ സമാന സെക്രട്ടറിമാർക്ക് തുല്യമായി പരിഗണിക്കണമെന്നുള്ള എന്റെ ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാന ഖജനാവിന് യാതൊരു സാമ്പത്തിക ബാധ്യതയും വരുന്നില്ലെന്നതിനാൽ ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സർവ്വശ്രീ വി. ഡി. സതീശൻ, ബെന്നി ബെഹനാൻ, സി. ദിവാകരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് സംസാരിച്ചു.)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ബഹുമാനപ്പെട്ട സ്പീക്കറുടെ പൂർണ്ണ അധികാരത്തിൻ കീഴിൽ വരുന്ന

നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരെ കേരള പബ്ലിക് സർവ്വീസ് ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ഭരണഘടനയുടെ 187-ാം വകുപ്പ് പ്രകാരം നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാരെ പ്രത്യേക വിഭാഗമായി കണക്കാക്കിയിരിക്കുന്നതിനാലും ഈ ചട്ടം ഭേദഗതി ചെയ്യുന്നതിന് സഭയുടെ അനുമതി ആവശ്യമില്ല.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (2) 2014-ലെ ദി കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ആതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾക്കുള്ള ഭേദഗതി.

ശ്രീ. എം. ഉമ്മർ: 2014 ആഗസ്റ്റ് 21-ാം തീയതിയിലെ ജി.ഒ. (എം.എസ്) നമ്പർ 150/2014/എൽ.എസ്.ജി.ഡി. (എസ്.ആർ.ഒ. നമ്പർ 519/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ ദി കേരള പഞ്ചായത്ത് ബിൽഡിംഗ് (റെഗുലറൈസേഷൻ ഓഫ് അൺ ആതറൈസ്ഡ് കൺസ്ട്രക്ഷൻ) ചട്ടങ്ങൾക്ക് 9(5), 9(6), 9(7) എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ചട്ടം 9(5)-നുള്ള ഭേദഗതി അംഗീകരിച്ചതിനോടൊപ്പം ചട്ടം 9(6)-നും 9(7)-നുമുള്ള ഭേദഗതികൾ താഴെപ്പറയുന്ന രീതിയിൽ ഭേദഗതി ചെയ്തുകൊണ്ട് സ്വീകരിച്ചു.

9(5). In Rule 9(5) for the word " Two, the word " Three" shall be substituted.

9(6). In Rule 9(6), for the words " a member of the committee nominated by him" , the words " the Director of Panchayats" shall be substituted.

9(7). " In the case of equal number of votes, the person who presides over the meeting shall have a second or casting vote."

മന്ത്രി സ്വീകരിച്ച ഭേദഗതിയും ഭേദഗതിയോടുകൂടിയ ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചു.

**നിയമനിർമ്മാണകാര്യം**

**(1) <u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബില്ലിന്റെ പരിഗണനയും അനന്തരഘട്ടങ്ങളും</u>**

(തുടർ ചർച്ച)

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

119, 123, 125, 126, 127, 128, 129, 131, 134, 135, 136, 138, 140, 141, 142, 143, 144, 145, 146, 148, 149, 150, 152, 153, 154, 155, 159 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

129. In clause 2(e), for the words " arms break water" , substitute the words " arms of break water" .

146. In Clause 2(u) delete the words " excluding roads" .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

638. Inverted commas in clause 3(1), shall be omitted.

162, 163, 164, 169, 171, 173, 175, 179, 180, 181, 183, 185, 186, 187, 188, 192, 193, 195, 196, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

179. In clause 3(4), After item (d), insert the following item and reletter remaining items accordingly:

“ (e) Minister for Fisheries.. Ex-officio Member” .

187. In clause 3(4) insert a new sub-clause after sub-clause (m) and the remaining shall be relettered:

“ (n) One representative from Indian Customs Department to be nominated by the Central Government” .

192. In clause 3(4) after item (o):-

The following item shall be inserted and the remaining item shall be relettered:

“ (p) Chief Engineer in charge of Harbour Engineering wing of the State” .

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

199, 201, 202, 205, 206 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

208, 209, 210, 212, 218, 220, 221 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

218. Clause 5(3) shall be recast as follows:

" (3) Number of members necessary to constitute a quorum at a

meeting be one-third" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

232. In Clause 7, for the word " proceeding" substitute the word " proceedings" .

231-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

231-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എട്ടാം വകുപ്പ്</u>

237, 239 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു:

237. In Clause 8, after the word " Act" insert the word " as" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

239-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒൻപതാം വകുപ്പ്</u>

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

242. In Clause 9(2):

1. After the words " as soon as possible" insert the words " but not later than fifteen days of the meeting" .

2. After the words " transmit to the Government" insert the words " and to all members of the Board" .

240-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

240-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്താം വകുപ്പ്</u>

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

639. In Clause 10(2)(i), the word " fixed" shall be omitted.

താഴെപ്പറയുന്ന വാക്കാൽ ഭേദഗതി മന്ത്രി അവതരിപ്പിച്ചു.

249. In Clause 10(1) for the words and figure " Companies Act, 1954" substitute the words and figure " Companies Act, 1956" .

255-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും വാക്കാൽ ഭേദഗതിയും സഭ അംഗീകരിച്ചു.

255-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിനൊന്നാം വകുപ്പ്

259-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പന്ത്രണ്ടാം വകുപ്പ്

267, 269, 271, 272, 273, 274, 275, 276 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## പതിമൂന്നാം വകുപ്പ്

277, 279, 280, 282 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

640. In clause 14(2) after the words "and appoint" the words "on deputation or otherwise" shall be inserted.

285, 288, 289, 290, 293, 294, 299, 301, 302, 303, 304, 305, 307, 308, 310, 311, 312, 313, 314, 316, 317, 318, 321, 322, 323, 324, 326 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

284. In clause 14, substitute the words " Controller of Finance and Accounts" for the words, " Controller, Finance and Accounts" in the marginal heading.

295. In clause 14(2), insert the words " in writing" after the word " Government" .

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

285. In clause 14(1), insert the words " in writing" after the word " Government" in the first line.

290. In clause 14(1), substitute the words " Controller of Finance and Accounts" for the words, " Controller, Finance and Accounts" .

303. In the proviso to clause 14(2), insert the word " for" , after the words " who is not" .

316. Delete clause 14(6).

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

327, 330, 331, 333, 334, 337 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനാറാം വകുപ്പ്</u>

338, 341, 342, 343, 345, 346, 347, 348, 349, 351, 352, 353, 355, 356, 359, 360 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

350. In clause 16(f), after the words " Board is terminated" the words " or until his tenure remuneration or terms and conditions of service are duly altered by the Board by regulation" shall be added at the end.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

338. In clause 16(a) for the word " port" substitute the word " ports" .

342. In clause 16(c), for the word " port" substitute the word " ports" .

343. In clause 16(d), for the word " port" substitute the word " ports" .

345. In clause 16(e), for the word " port" substitute the word " ports" .

മന്ത്രി അവതരിപ്പിച്ചതും സ്വീകരിച്ചതുമായ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

361, 364, 365,366,367,368,369,370 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

365. In Clause 17 after the words " The Board is duly terminated" the words "or until his tenure, remuneration or terms and conditions of service are duly altered by the Board by regulation" shall be added.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 368, ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 370 എന്നീ നമ്പർ ഭേദഗതികൾ 39 നെതിരെ 52 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പതിനെട്ടാം വകുപ്പ്</u>

372, 373, 374, 375 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. പി.കെ ഗുരുദാസൻ അവതരിപ്പിച്ച 373 -ാം നമ്പർ ഭേദഗതി 41 നെതിരെ 56 വോട്ടുകളോടെ സഭ നിരാകരിച്ചു

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പത്തൊമ്പതാം വകുപ്പ്</u>

376, 377 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

376. In clause 19, for the word " varied" , substitute the words " altered by the Board" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

377-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപതാം വകുപ്പ്</u>

378-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയൊന്നാം വകുപ്പ്</u>

380, 381 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിരണ്ടാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിച്ചു.

641. In clause 22(b), after the word " lease" the words " or

license" shall be inserted.

642. In clause 22(c), after the word " leasing" the words " or licensing" shall be inserted.

382, 383, 385, 386, 389, 391, 393, 394, 396, 397, 398, 399, 400

എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

385. In clause 22(b), the words " acquisition of sale" shall be substituted with the words " acquisition or sale" .

മന്ത്രി അവതരിപ്പിച്ച ഭേദഗതികളും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. എ.കെ. ബാലൻ അവതരിപ്പിച്ച 391-ാം നമ്പർ ഭേദഗതി 43 നെതിരെ 56 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിമൂന്നാം വകുപ്പ്</u>

402, 403, 405, 406 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

406. In clause 23 (2), add the following item at the end;

" (p) container handling facilities;"

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിനാലാം വകുപ്പ്</u>

407, 408, 409, 410, 411, 412, 413 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയഞ്ചാം വകുപ്പ്</u>

416, 417, 418, 419 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം 41-നെതിരെ 59 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ഇരുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയാറാം വകുപ്പ്</u>

420, 421, 422 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയേഴാം വകുപ്പ്</u>

424, 425, 426 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തിയെട്ടാം വകുപ്പ്</u>

427, 428, 430, 431 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

428. In clause 28, for the words " five thousand rupees" substitute the words " ten thousand rupees" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 431-ാം നമ്പർ ഭേദഗതി 41-നെതിരെ 59 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഇരുപത്തൊമ്പതാം വകുപ്പ്</u>

432-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

ഇരുപത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഇരുപത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പതാം വകുപ്പ്</u>

433, 434, 435 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിയൊന്നാം വകുപ്പ്</u>

436, 437, 438, 439 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിരണ്ടാം വകുപ്പ്</u>

440-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതിയില്ല)

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മുപ്പത്തിനാലാം വകുപ്പ്</u>

442, 443, 444, 445, 446, 447 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയഞ്ചാം വകുപ്പ്

449, 450, 451, 452, 453, 454, 455, 456, 457, 459 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മുപ്പത്തിയാറാം വകുപ്പ്

460, 461, 464, 465 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയേഴാം വകുപ്പ്

466, 468 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തിയെട്ടാം വകുപ്പ്

469-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മുപ്പത്തൊമ്പതാം വകുപ്പ്

470-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മുപ്പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പതാം വകുപ്പ്</u>

471, 472 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തൊന്നാം വകുപ്പ്</u>

473, 474, 475, 476 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ നിരാകരിക്കപ്പെടുകയോ ചെയ്തു.

നാൽപ്പത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിരണ്ടാം വകുപ്പ്</u>

477-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിമൂന്നാം വകുപ്പ്</u>

479-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

480. In the proviso to clause 43 for the word " remit" substitute the word " refund" .

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

479-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തിനാലാം വകുപ്പ്</u>

481-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയഞ്ചാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല)

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയാറാം വകുപ്പ്

(ഭേദഗതിയില്ല)

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാൽപ്പത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തിയേഴാം വകുപ്പ്

485-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

നാൽപ്പത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാൽപ്പത്തെട്ടാം വകുപ്പ്

486, 487, 489, 492, 493 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

492. In clause 48(3), after the words “ sent by post” insert the words “ and by e-mail wherever possible” .

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

493. In clause 48(3) substitute the word “ bonafide” for the word “ bona fide” .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാൽപ്പത്തൊമ്പതാം വകുപ്പ്</u>

494, 495, 496, 501 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ സ്വീകരിച്ചു.

495. In clause 49(1):

(1) after the words " sent by post" insert the words " or by e-mail as the case may be"

(2) and after the words " notice cannot be so served upon him" insert the words " in the address collected at the time of landing of goods" .

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാൽപ്പത്തൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അമ്പതാം വകുപ്പ്</u>

(ഭേദഗതിയില്ല)

അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അമ്പത്തൊന്നാം വകുപ്പ്</u>

502, 503, 504, 505 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

503. In clause 51(2), insert the word " working" after the word " five" .

504. In clause 51(2), add the following proviso, namely:-

" provided that 10 days' notice shall be given to the party before the sale" .

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അമ്പത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അമ്പത്തൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അമ്പത്തിരണ്ടാം വകുപ്പ്</u>

506-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

506. In clause 52(i), after the word "board", insert the word "of".

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അമ്പത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിമൂന്നാം വകുപ്പ്

507, 509, 510 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അമ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അമ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അമ്പത്തിനാലാം വകുപ്പ്

511, 512 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അമ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

അമ്പത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയഞ്ചാം വകുപ്പ്</u>

513, 515, 517 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയാറാം വകുപ്പ്</u>

518-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

518. In clause 56, for the words “an effectual” substitute the words “a valid”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അൻപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയേഴാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയെട്ടാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അൻപത്തിയൊൻപതാം വകുപ്പ്</u>

ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അൻപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപതാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയൊന്നാം വകുപ്പ്

520-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിരണ്ടാം വകുപ്പ്

(ഭേദഗതി ഇല്ല)

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിമൂന്നാം വകുപ്പ്

521, 522 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിനാലാം വകുപ്പ്</u>

523-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിയഞ്ചാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിയാറാം വകുപ്പ്</u>

524, 526 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അറുപത്തിയേഴാം വകുപ്പ്</u>

528, 530 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയെട്ടാം വകുപ്പ്

531, 532, 534, 535, 536 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## അറുപത്തിയൊൻപതാം വകുപ്പ്

537, 539, 540, 541 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അറുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അറുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപതാം വകുപ്പ്

(ഭേദഗതി ഇല്ല)

എഴുപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപതാം_വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിയൊന്നാം വകുപ്പ്

(ഭേദഗതി ഇല്ല)

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എഴുപത്തിരണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഭേദഗതിയോടെ വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ചു.

542. In the marginal heading clause 72 substitute the word "of amounts" for the words "of moneys".

543, 544, 545, 547, 548, 549, 550, 552, 554 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

547. In clause 72(1)(e) substitute the word "authorised" for the word "authorized".

550. In clause 72(2)(a) the words substitute the words "Treasury

Savings Bank" for the words "Treasury Saving Bank".

552. In clause 72(2)(a) delete the words "or in any corporation".

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തിമൂന്നാം വകുപ്പ്</u>

(ഭേദഗതി ഇല്ല)

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തിനാലാം വകുപ്പ്</u>

555-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തിയഞ്ചാം വകുപ്പ്</u>

556-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എഴുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തിയാറാം വകുപ്പ്</u>

557-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

557. In clause 76(2) for the words “per cent” substitute the word “percent”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എഴുപത്തിയേഴാം വകുപ്പ്</u>

559, 560 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

560. In clause 77(2) for the words “per cent” substitute the word “percent”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എഴുപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപത്തിയെട്ടാം വകുപ്പ്

(ഭേദഗതി ഇല്ല)

എഴുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എഴുപത്തിയൊൻപതാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

എഴുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എഴുപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എൺപതാം വകുപ്പ്

564-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

എൺപതാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപതാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയൊന്നാം വകുപ്പ്</u>

565-ാം  നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

565. In clause 81,  for the word “authorized” substitute the word “authorised”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിരണ്ടാം വകുപ്പ്</u>

567, 569, 570, 571, 574, 575, 577, 578, 579, 580, 581, 582, 583 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

567. In clause 82(1)  for the words “the Chairman” substitute the words “the Chief Executive Officer”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എൺപത്തിമൂന്നാം വകുപ്പ്

(ഭേദഗതി ഇല്ല)

എൺപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എൺപത്തിനാലാം വകുപ്പ്

ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.

എൺപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപത്തിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എൺപത്തിയഞ്ചാം വകുപ്പ്

(ഭേദഗതി ഇല്ല)

എൺപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപത്തിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയാറാം വകുപ്പ്</u>

586, 588 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എൺപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപത്തിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയേഴാം വകുപ്പ്</u>

589-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

589. In clause 87(2), for the words “State Legislature” substitute the words “Legislative Assembly”.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള എൺപത്തിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>എൺപത്തിയെട്ടാം വകുപ്പ്</u>

590, 592, 593 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എൺപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപത്തിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എൺപത്തിയൊൻപതാം വകുപ്പ്

(ഭേദഗതി ഇല്ല)

എൺപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എൺപത്തിയൊൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## **തൊണ്ണൂറാം വകുപ്പ്**

594, 595, 596 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

തൊണ്ണൂറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

തൊണ്ണൂറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## **തൊണ്ണൂറ്റി ഒന്നാം വകുപ്പ്**

597, 598 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

തൊണ്ണൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

തൊണ്ണൂറ്റി ഒന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## തൊണ്ണൂറ്റി രണ്ടാം വകുപ്പ്

599, 600, 601, 602, 604, 606, 607 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

തൊണ്ണൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

തൊണ്ണൂറ്റി രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## തൊണ്ണൂറ്റിമൂന്ന് മുതൽ തൊണ്ണൂറ്റിയഞ്ച് വരെ വകുപ്പുകൾ

(ഭേദഗതിയില്ല.)

തൊണ്ണൂറ്റിമൂന്ന് മുതൽ തൊണ്ണൂറ്റിയഞ്ച് വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

തൊണ്ണൂറ്റിമൂന്ന് മുതൽ തൊണ്ണൂറ്റിയഞ്ച് വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## തൊണ്ണൂറ്റിയാറാം വകുപ്പ്

610-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

610-ാം നമ്പർ ഭേദഗതിയിലെ ക്ലോസ് (i) പൂർണ്ണമായും ക്ലോസ് (ii) താഴെപ്പറയുന്ന ഭേദഗതികളോടെയും സ്വീകരിച്ചു.

610. In clause 96,

(i) for the words " five thousand rupees" , the words " ten thousand rupees" shall be substituted.

(ii) for the words " five hundred rupees" , the words " one thousand rupees" shall be substituted.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## തൊണ്ണൂറ്റിയേഴാം വകുപ്പ്

612-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

612-ാം നമ്പർ ഭേദഗതി താഴെപ്പറയുന്ന ഭേദഗതികളോടെ സ്വീകരിച്ചു:

612. In clause 97, for the words " five hundred rupees" , substitute the words " one thousand rupees" .

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള തൊണ്ണൂറ്റിയേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## തൊണ്ണൂറ്റി എട്ടാം വകുപ്പ്

614, 615, 616 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

തൊണ്ണൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

തൊണ്ണൂറ്റി എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## തൊണ്ണൂറ്റി ഒൻപതാം വകുപ്പ്

619, 620 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

തൊണ്ണൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

തൊണ്ണൂറ്റി ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നൂറാം വകുപ്പ്

(ഭേദഗതിയില്ല.)

നൂറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നൂറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നൂറ്റിയൊന്നാം വകുപ്പ്

621-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

621-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു:

621. In clause 101, for the words " one thousand rupees" substitute the words " two thousand rupees" .

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിയൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നൂറ്റിരണ്ടാം വകുപ്പ്

(ഭേദഗതിയില്ല.)

നൂറ്റിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നൂറ്റിരണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നൂറ്റിമൂന്നാം വകുപ്പ്

622-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

622-ാം നമ്പർ ഭേദഗതി മന്ത്രി സ്വീകരിച്ചു:

622. In clause 103(1), for the words " orco-operative society," substitute the words and symbol " or co-operative society," .

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നൂറ്റിനാലാം വകുപ്പ്</u>**

623, 625, 626, 627, 628 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

628. In clause 104(4)(f) delete the words " the Government or, as the case may be, the" .

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നൂറ്റിയഞ്ചാം വകുപ്പ്</u>**

താഴെപ്പറയുന്ന ഭേദഗതി മന്ത്രി വാക്കാൽ ഭേദഗതിയായി അവതരിപ്പിച്ചു:

629. In clause 105, the following sub-clause shall be added, namely:-

" (6) The recommendations of the Local Advisory Committee may be placed before the next Board meeting" .

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിയഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നൂറ്റിയാറ്, നൂറ്റിയേഴ് വകുപ്പുകൾ

(ഭേദഗതിയില്ല.)

നൂറ്റിയാറ്, നൂറ്റിയേഴ് എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നൂറ്റിയാറ്, നൂറ്റിയേഴ് എന്നീ വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

## നൂറ്റിയെട്ടാം വകുപ്പ്

630, 631 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നൂറ്റിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നൂറ്റിയെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നൂറ്റിയൊമ്പതാം വകുപ്പ്</u>**

632, 633, 634, 635, 636 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു:

635. In clause 109(s), for the word " authorized" substitute the word " authorised" .

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നൂറ്റിയൊമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>നൂറ്റിപ്പത്ത് മുതൽ നൂറ്റിപ്പതിനഞ്ച് വരെ വകുപ്പുകൾ</u>**

(ഭേദഗതിയില്ല.)

110 മുതൽ 115 വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

110 മുതൽ 115 വരെ വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**<u>നൂറ്റിപ്പതിനാറാം വകുപ്പ്</u>**

637-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നൂറ്റിപ്പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നൂറ്റിപ്പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## നൂറ്റിപ്പതിനേഴാം വകുപ്പ്

(ഭേദഗതിയില്ല.)

നൂറ്റിപ്പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നൂറ്റിപ്പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

107, 108, 109, 110, 112, 114, 116, 117, 118 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തുറമുഖങ്ങൾ സ്വകാര്യമേഖലയ്ക്ക് വിൽക്കുന്നതിനുവേണ്ടിയാണ് ഈ നിയമം ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്നതും ജീവനക്കാരുടെ ആനുകൂല്യങ്ങൾ സംരക്ഷിക്കപ്പെടാത്തതുമായ ഈ ബില്ലിന്റെ അന്തസ്സത്തയോട് യോജിക്കാൻ കഴിയില്ല. അതുകൊണ്ട് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

ശ്രീ. സി. ദിവാകരൻ: തുറമുഖങ്ങൾ ലീസിന് നൽകാൻ കഴിയുന്ന തരത്തിലുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. 1908-ലെ കേന്ദ്രനിയമത്തെ അടിസ്ഥാനമാക്കി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലെ പോരായ്മകൾ പരിഹരിക്കപ്പെടണം. തന്ത്രപ്രധാനമായ തുറമുഖങ്ങളെ അത്യന്തം ആപത്കരമായ സാഹചര്യത്തിലേയ്ക്കെത്തിക്കുന്നതും ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാത്തതുമായ ഈ ബിൽ പാസ്സാക്കുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നു. വാക്കൗട്ട് നടത്തുന്നു.

ശ്രീ. സി. കെ. നാണു: തുറമുഖങ്ങളുടെ സുരക്ഷയ്ക്ക് ഭീഷണിയുയർത്തുന്ന

തരത്തിലുള്ള ഈ ബില്ലിനെ എതിർത്തുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: ദൂരവ്യാപക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ജീവനക്കാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടാത്ത ഈ ബില്ലിനെ എതിർത്തുകൊണ്ട് വാക്കൗട്ട് നടത്തുന്നു.

(സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, സി. ദിവാകരൻ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. വി. ഡി. സതീശൻ: സംസ്ഥാന വികസനത്തിന് നിർണ്ണായക പങ്ക് വഹിക്കാൻ കഴിയുന്ന ഒരു നിയമമാണിത്. കോസ്റ്റൽ ഷിപ്പിംഗ് വികസിപ്പിക്കുന്നതിലൂടെ പാസഞ്ചർ/കാർഗോ മൂവ്മെന്റിനുള്ള സാദ്ധ്യതകൾ ഉരുത്തിരിയുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളെ മാത്രം അടിസ്ഥാനമാക്കാതെ കാലോചിതമായ മാറ്റങ്ങളും സുപ്രീംകോടതിയുടെയും ഇന്റർനാഷണൽ ആർബിട്രേഷൻ കോർട്ടുകളുടെയും സുപ്രധാന വിധികളും ഉൾക്കൊണ്ടുകൊണ്ട് നിയമത്തിൽ ഭേദഗതി വരുത്തണം. ഷിപ്പിംഗുമായി ബന്ധപ്പെട്ട ഇന്റർ നാഷണൽ കൺവെഷനിലെ നിബന്ധനകൾക്ക് വിരുദ്ധമായ കാര്യങ്ങൾ നിയമത്തിലുണ്ടാകാൻ പാടില്ല. അതുകൊണ്ട് നിയമവിദഗ്ദ്ധരും മാരിടൈം എക്സ്പെർട്ടുകളും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് നിയമം അപ്ഡേറ്റ് ചെയ്യുകയും കോസ്റ്റൽ ഷിപ്പിംഗ് ഒരു

ഫ്ളാഗ് ഷിപ്പ് പ്രോജക്ടായി കൊണ്ടുവരികയും ചെയ്യണം.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: ഒരു സമഗ്ര പഠനം നടത്തി മാരിടൈം പ്രദേശത്തെ എല്ലാ ആസ്പെക്ട്സും ഉൾക്കൊള്ളിച്ചുകൊണ്ട് ഈ നിയമം പരിഷ്കരിക്കണം. ട്രാൻസ്പോർട്ടേഷൻ രംഗത്ത് കോസ്റ്റൽ ഷിപ്പിംഗിന്റെ അനന്ത സാദ്ധ്യതകൾ പ്രയോജനപ്പെടുത്താനുതകുന്ന തരത്തിൽ മാരിടൈം ബോർഡിന്റെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകണം. തുറമുഖങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): 2010-ൽ സർക്കുലേറ്റ് ചെയ്യപ്പെട്ട ബില്ലിൽ ഭേദഗതി വരുത്തിയിട്ടില്ല. കോസ്റ്റൽ ഷിപ്പിംഗിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻവേണ്ടിയാണ് മാരിടൈം ബോർഡ് രൂപീകരിച്ചിട്ടുള്ളത്. ഈ ബിൽ അവതരിപ്പിച്ചപ്പോൾത്തന്നെ ആദ്യഘട്ടമെന്ന നിലയിൽ മലബാർ പോർട്ട്സ് എന്ന കമ്പനിയുമായി 800 കോടി രൂപയുടെ ലീസ് എഗ്രിമെന്റ് ഒപ്പുവയ്ക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ ആരംഭിച്ച കോസ്റ്റൽ ഷിപ്പിംഗ് പദ്ധതിയും ജലമാർഗ്ഗം കൊണ്ടുപോകുന്ന ചരക്കുകൾക്ക് പ്രഖ്യാപിച്ച സബ്സിഡിയും കേന്ദ്രസർക്കാർ മാതൃകയാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സേവനവേതന വ്യവസ്ഥകൾ തുടർന്നും ലഭ്യമാകുന്നതാണ്. നിയമത്തിൽ കാലാനുസൃതമായ മാറ്റം വരുത്താൻ സർക്കാർ സന്നദ്ധമാണ്.

ജലഗതാഗതം പ്രോത്സാഹിപ്പിക്കാനും തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുൾപ്പെടെയുള്ളവരുടെ തൊഴിലവസരം വർദ്ധിപ്പിക്കാനും ഉതകുന്ന ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കാൻ സഹകരിച്ച എല്ലാ അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു; ബിൽ സഭ പാസ്സാക്കി.

(പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ സഭയിൽ തിരികെ ഹാജരായി.)

## (2) സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി)ബിൽ പരിഗണന യ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. പി. കെ. ഗുരുദാസൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു.

തൊഴിലാളിക്ഷേമത്തിനുവേണ്ടി കൊണ്ടുവന്നിരിക്കുന്ന ബില്ലാണെന്ന് അവകാശപ്പെടുമ്പോഴും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. പരമ്പരാഗത വ്യവസായ മേഖല തകർച്ചയിലേയ്ക്ക് നീങ്ങുകയാണ്. മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്ക് നൽകിയിട്ടുള്ള വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുന്നില്ല. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന ഓർഡിനൻസുകൾ പലതും പാസ്സാക്കാൻ തയ്യാറാകാത്തതുമൂലം ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് ആനുകൂല്യം നഷ്ടപ്പെടുന്ന സ്ഥിതിവിശേഷമാണുള്ളത്. മൾട്ടി ലെവൽ മാർക്കറ്റിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സംരക്ഷണത്തിനുവേണ്ടി നിയമനിർമ്മാണം നടത്തുമെന്ന വാഗ്ദാനം പാലിച്ചിട്ടില്ല. ക്ഷേമനിധി ബോർഡുകളുടെ വരുമാനം ട്രഷറിയിലേക്ക് മാറ്റിയതിന്റെ ഫലമായി ബോർഡുകളുടെ പ്രവർത്തനം തകിടം മറിഞ്ഞിരിക്കുകയാണ്. തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിനെതിരെ പ്രതികരിക്കാൻ തയ്യാറാകാതെ തൊഴിലാളികളുടെ അവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിക്കുന്നത്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജസ് നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ടെടുത്ത തീരുമാനം വിജ്ഞാപനം ചെയ്യാതെ അഡ്വൈസറി കമ്മിറ്റിക്ക് വിട്ട നടപടി പുന:പരിശോധിക്കണം.

തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുള്ള നടപടി തൊഴിൽ വകുപ്പ് സ്വീകരിക്കണം. തൊഴിലാളി ക്ഷേമപദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും എൽ.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ബില്ലുകൾ നിയമമാക്കാനും സത്വര നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. ഹംസ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. തൊഴിൽ നിയമങ്ങളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാനാവശ്യമായ സംവിധാനം സംസ്ഥാനത്ത് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല എന്നതാണ് വാസ്തവം. വിവിധ ക്ഷേമനിധികളിലേയ്ക്ക് അടയ്ക്കേണ്ട ഗവൺമെന്റ് വിഹിതം സമയബന്ധിതമായി അടയ്ക്കുന്നതിന് നടപടി സ്വീകരിക്കണം. ക്ഷേമനിധി ബോർഡുകളുടെ പണം ട്രഷറിയിൽ നിക്ഷേപിക്കുന്ന നയത്തിൽനിന്ന് സർക്കാർ പിൻമാറണം. അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കാനും സ്ത്രീത്തൊഴിലാളികൾക്ക് പ്രത്യേക സംരക്ഷണം ഏർപ്പെടുത്താനും ഉതകുന്നവിധത്തിലുള്ള ശക്തമായ സംവിധാനം ആവിഷ്ക്കരിക്കണം. ഐ.ടി. മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ സുരക്ഷിതത്വവും ക്ഷേമവും ഉറപ്പാക്കണം. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സർക്കാർ മുൻകയ്യെടുക്കണം. പൊതുമേഖലാ ബാങ്കുകൾ സ്വീകരിക്കുന്ന തൊഴിലാളിവിരുദ്ധ സമീപനത്തിന് അറുതിവരുത്തണം. ആശാവർക്കർമാരുടെ വർദ്ധിപ്പിച്ച വേതനം

സമയബന്ധിതമായി നൽകാനും വിവിധ തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കാനുമുള്ള സംവിധാനമുണ്ടാകണം. അംഗൻവാടി ജീവനക്കാരുടെ ഇൻസെന്റീവ് കുടിശ്ശിക കൊടുത്തുതീർക്കാനും ഓണറേറിയം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം. ചുമട്ടുതൊഴിലാളി ക്ഷേമനിധിയുടെ ജില്ലാതല ചെയർമാൻമാരായി പൊതുപ്രവർത്തകരെ നിയമിക്കാനും ചുമട്ടുതൊഴിലാളി പെൻഷൻ കാലോചിതമായി പരിഷ്ക്കരിക്കാനും ക്ഷേമനിധികളിലേയ്ക്കുള്ള സർക്കാർ വിഹിതം യഥാസമയം അടയ്ക്കാനും നടപടി സ്വീകരിക്കണം. വിദ്യാഭ്യാസ വായ്പ തിരിച്ചടയ്ക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. തൊഴിലാളി വിരുദ്ധ സമീപനം സ്വീകരിച്ചിട്ടുള്ള ഈ ബില്ലിലെ വ്യവസ്ഥകളോട് യോജിക്കാൻ കഴിയില്ല.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി സമസ്ത മേഖലകളിലെ തൊഴിലാളികളും സ്ഥാപനമുടമകളിൽനിന്ന് അമിതമായ ചൂഷണം നേരിട്ടുക്കൊണ്ടിരിക്കുകയാണ്. ഇത്തരം ചൂഷണത്തിന് ഇരയാകുന്നവരിൽ ഭൂരിഭാഗവും സ്ത്രീകളാണെന്നതാണ് വസ്തുത. തൊഴിൽ-വ്യാവസായിക-സാമൂഹിക മേഖലകളിൽ വന്നിട്ടുള്ള പുത്തൻ പരിഷ്കാരങ്ങളുടെ ഫലമായി ഭരണകൂടങ്ങൾ അശക്തരായി മാറുകയാണ്. തൊഴിൽ മേഖലയിലെ ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ ഇടപെടൽ നടത്താൻ

കഴിയത്തക്കവിധത്തിൽ തൊഴിൽ വകുപ്പ് സജ്ജമാകണം. പുതിയ സാമ്പത്തിക-രാഷ്ട്രീയ സാഹചര്യങ്ങളിൽ ഭരണകൂടങ്ങൾ അവരുടെ കടമ നിർവ്വഹിക്കുന്നതിനുപകരം ഉത്തരവാദിത്വങ്ങൾ സ്വകാര്യ കുത്തകകൾക്ക് അടിയറ വയ്ക്കുന്ന സമീപനത്തിനെതിരെ ഉണർന്നുപ്രവർത്തിക്കാൻ കഴിയുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഭേദഗതി ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. തൊഴിലാളി സമൂഹത്തോട് നീതി പുലർത്താത്ത ഭേദഗതി ബില്ലിലെ വ്യവസ്ഥകളോട് യോജിക്കാൻ കഴിയില്ല.

ശ്രീ. വർക്കല കഹാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളുടെ വലിപ്പത്തെ അടിസ്ഥാനപ്പെടുത്തി മൂന്ന് വിഭാഗമായി തിരിച്ചിട്ടുണ്ട്. അമ്പത് തൊഴിലാളികളിൽ കൂടുതൽ ജോലിചെയ്യുന്നവരുള്ള സ്ഥാപനങ്ങളിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്തണമെന്ന വ്യവസ്ഥ ആശാവഹമാണ്. തൊഴിൽ രംഗത്ത് എൻഫോഴ്സ്മെന്റ് വിംഗ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. എൻഫോഴ്സ്മെന്റ് വിംഗിനെ ശക്തിപ്പെടുത്തിയാൽ മാത്രമേ തൊഴിൽ നിയമങ്ങൾ ലംഘിക്കാതിരിക്കാനും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും സാധിക്കൂ. ശമ്പളം ബാങ്ക്

അക്കൗണ്ട് വഴിയാക്കുന്നത് യഥാർത്ഥ ശമ്പളം തൊഴിലാളികളുടെ കൈയിൽ എത്തിച്ചേരുന്നതിന് സഹായകരമാകും. നിയമലംഘനം കണ്ടെത്തിയാൽ പിഴ ഈടാക്കാനുള്ള അധികാരം ലേബർ ഇൻസ്പെക്ടർമാർക്ക് നൽകുന്നതിനും പിഴ അടയ്ക്കാത്തവർക്ക് വാർഷിക ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും നടപടി സ്വീകരിക്കണം. കേസുകൾ സെക്കന്റ് ക്ലാസ് മജിസ്ട്രേട്ട് മുൻപാകെ വിചാരണ ചെയ്യപ്പെടുന്നത് കാലതാമസം ഉണ്ടാക്കപ്പെടുമെന്നതിനാൽ തൊഴിലാളിക്കോ ട്രേഡ് യൂണിയൻ ഭാരവാഹിക്കോ സ്വമേധയാ ഹാജരായി തങ്ങളുടെ ഭാഗം വാദിക്കാൻ കഴിയത്തക്ക വിധത്തിൽ ട്രിബ്യൂണലോ അതോറിറ്റിയോ ഉണ്ടാക്കണം. തൊഴിലാളികളെ പിരിച്ചുവിടുന്നതിനെതിരെ അപ്പലേറ്റ് അതോറിറ്റിയുടെ ഉത്തരവ് കർശനമായി നടപ്പിലാക്കാനാവശ്യമായ നടപടിയുണ്ടാകണം. ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ജില്ലാതല ചെയർമാൻമാരായി രാഷ്ട്രീയ പ്രതിനിധികളെ നിയമിക്കുന്നതിന് ആക്ട് ഭേദഗതി ചെയ്യേണ്ടിവരും. ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിലേയ്ക്ക് അംശദായം അടയ്ക്കാത്തതുകാരണം ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം നിലനിൽക്കുന്നതിനാൽ തൊഴിലാളികളും ഗവൺമെന്റും വിഹിതം കൃത്യമായി അടയ്ക്കുന്നതിന് സംവിധാനമുണ്ടാകണം. അസംഘടിത മേഖലയിലെ തൊഴിലാളികളുൾപ്പെടെയുള്ളവർക്ക് സാമ്പത്തിക സഹായം നൽകാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എം. ചന്ദ്രൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നിലവിലുള്ള കേന്ദ്ര-സംസ്ഥാന തൊഴിൽ നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നില്ല. കുറഞ്ഞ കൂലി കൊടുത്തുകൊണ്ട് വ്യാപാരസ്ഥാപനങ്ങളിലെ സ്ത്രീ തൊഴിലാളികളെ ചൂഷണം ചെയ്യുകയും നിയമപരമല്ലാത്ത പിരിച്ചുവിടൽ നടത്തിക്കൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. ക്ഷേമനിധിയിൽ അംഗമാകുന്നതിനുവേണ്ടി തൊഴിലുടമകൾ സർട്ടിഫിക്കറ്റ് കൊടുക്കാൻ തയ്യാറാകാത്തതിനെതിരെ ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെടണം. തൊഴിൽ രംഗത്ത് ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം കുറവായതുകൊണ്ടാണ് തൊഴിലാളികൾ പ്രതിസന്ധി നേരിടുന്നത്. സമയനിഷ്ഠ പാലിക്കപ്പെടാത്തതും അടിസ്ഥാന സൗകര്യങ്ങളുടെ കുറവും കാരണം വ്യാപാര സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീ തൊഴിലാളികൾ ഇന്ന് വിവിധ ആരോഗ്യപ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളെ ചൂഷണം ചെയ്ത് വൻകിട ലാഭമുണ്ടാക്കുകയാണ് വ്യാപാരികൾ ചെയ്യുന്നത്. ആഭരണ തൊഴിലാളി ക്ഷേമനിധി നിയമം നടപ്പാക്കാൻ ശ്രമിച്ചപ്പോൾ അതിനെതിരെ കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങി ആ നിയമം തന്നെ അട്ടിമറിക്കുന്നതിനുള്ള ശ്രമമാണ് നടക്കുന്നത്. ഇൻഡ്യൻ ലേബർ കോൺഗ്രസ്

നിർദ്ദേശിച്ച മിനിമം കൂലി നടപ്പാക്കുന്നതിനുവേണ്ടി ഇന്ന് ട്രേഡ് യൂണിയനുകൾ പ്രക്ഷോഭം നടത്തിക്കൊണ്ടിരിക്കുകയാണ്. 1974-ൽ മിനിമം കൂലി നിശ്ചയിക്കപ്പെട്ട കേരളത്തിൽ 700 രൂപയ്ക്ക് പണിയെടുക്കുന്ന ആശാവർക്കർമാരുടെ ഓണറേറിയം ഒരു വർഷമായി കുടിശ്ശികയാണ്. ഇപ്പോൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുകയും അവരുടെ ആനുകൂല്യങ്ങൾ നിഷേധിക്കുകയും ചെയ്ത് ബഹുരാഷ്ട്ര കുത്തകകൾ വളർന്നുവരികയാണ്. തൊഴിൽ നിയമമുണ്ടാക്കുന്നതോടൊപ്പം അത് നടപ്പിലാക്കാനുള്ള പരിശ്രമങ്ങളാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഇരിക്കാനുള്ള അവകാശത്തിനുവേണ്ടി ആഭരണശാലകളിലും തുണിക്കടകളിലും ജോലി ചെയ്യുന്ന തൊഴിലാളികൾ സമരം ചെയ്തതാണ് 1961-ൽ നിലവിൽ വന്ന നിയമത്തിന് ഭേദഗതി കൊണ്ടുവരാൻ കാരണമായത്. ഈ സമരത്തെത്തുടർന്ന് എല്ലാ തുണിക്കടകളിലും നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ കണ്ടെത്താൻ കഴിഞ്ഞത് തൊഴിൽ നിഷേധങ്ങളും അതിന് കാരണമായ നിയമത്തിലെ പോരായ്മകളുമാണ്. ചെറിയ കടകളെയും വലിയ കടകളെയും ഒരുപോലെ കാണാൻ കഴിയുകയില്ല. നിയമങ്ങൾ എല്ലാവർക്കും ബാധകമാണെങ്കിലും തൊഴിലാളികളുടെ എണ്ണമനുസരിച്ച് കൂടുതൽ സൗകര്യങ്ങൾ വേണമെന്നാണ്

ബില്ലിൽ നിഷ്കർഷിക്കുന്നത്. ചെറിയ കടകൾ ഗ്രൂപ്പായി ക്രഷുകൾ ഉണ്ടാക്കണമെന്നും വലിയ കടകൾക്ക് ഓരോന്നിനും ക്രഷ് ഉണ്ടാകണമെന്നും അതോടൊപ്പം വലിയ കടകളിൽ റെസ്റ്റ് റൂം, ടോയ്‌ലറ്റ് മുതലായ സൗകര്യങ്ങളും 50-ൽ കൂടുതൽ തൊഴിലാളികളുണ്ടെങ്കിൽ ഹോസ്റ്റൽ സൗകര്യവും വേണമെന്നും നിഷ്കർഷിച്ചിരിക്കുന്നു. തൊഴിൽ നിയമങ്ങളുടെ ലംഘനം ഇല്ലാതാക്കുന്നതിനും നിയമം പ്രാവർത്തികമാക്കുന്നതിനും ട്രേഡ് യൂണിയനുകളുടെ ശക്തമായ ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. സെയിൽസ് റെപ്രസന്റേറ്റീവ്സിന്റേതടക്കം മുൻകാല ലേബർ ഡിപ്പാർട്ടുമെന്റ് പബ്ലിഷ് ചെയ്തിട്ടുള്ള ഓർഡിനൻസുകൾ നിയമമാക്കുന്നതിന് പരിശ്രമിക്കുന്നതാണ്. മൾട്ടിലെവൽ മാർക്കറ്റിംഗ് തൊഴിലാളികളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. കശുവണ്ടിത്തൊഴിലാളികളുടെ മിനിമം വേജസ് സമ്പ്രദായം നടപ്പിലാക്കുന്ന വിഷയം മിനിമം വേജസ് അഡ്വൈസറി ബോർഡിന്റെ പരിഗണനയ്ക്ക് വിടണമോയെന്ന നിയമവകുപ്പിന്റെ അഭിപ്രായം ലഭ്യമായാലുടൻ തന്നെ ഡ്രാഫ്റ്റ് നോട്ടിഫൈ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ഷോപ്പ്സ് ജിവനക്കാരുടെ മിനിമം വേജസ് സബ്കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചതിനോടൊപ്പം അഞ്ച് വർഷം കാലാവധി കഴിഞ്ഞ മിനിമം വേജസുകളെല്ലാം പുതുക്കി

നിശ്ചയിക്കുന്നതിനായി മിനിമം വേജസ് അഡ്വൈസറി ബോർഡിനെ ചുമതലപ്പെടുത്തുകയും കാലതാമസം ഒഴിവാക്കി നോട്ടിഫിക്കേഷൻ ഇറക്കാൻ ലേബർ കമ്മീഷണറേറ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മിക്ക ജില്ലകളിലും ജില്ലാ ലേബർ ഓഫീസർമാരെയാണ് ഹെഡ്‌ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ ചെയർമാന്മാരായി നിയമിച്ചിരിക്കുന്നത്. പൊളിറ്റിക്കൽ ലീഡേഴ്സിനെ ചെയർമാനായി നിയമിക്കണമെങ്കിൽ നിയമഭേദഗതി ആവശ്യമാണ്. ആശാ വർക്കർമാരുടെ വേതനവുമായി ബന്ധപ്പെട്ട കാര്യം ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് തീരുമാനിക്കുന്നതാണ്. ഏറ്റവുമധികം ചൂഷണം നടന്നിരുന്ന നഴ്സിംഗ് മേഖലയിൽ കാര്യക്ഷമമായി ഇടപാടാനും അവരുടെ വേതനം പുതുക്കി നിശ്ചയിക്കാനും മിനിമം വേജസ് സമ്പ്രദായം നടപ്പിലാക്കാനും ഈ ഗവൺമെന്റിന് സാധിച്ചു. ഐ.ടി.മേഖലയിലെ ജീവനക്കാരെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനെപ്പറ്റി ഗവണ്മെന്റ് ഗൗരവമായി ആലോചിക്കുന്നതുമാണ്. നിലവിലുള്ള ടെക്നോളജി ഉപയോഗിച്ചുകൊണ്ട് എൻഫോഴ്സ്മെന്റ് വിംഗിന്റെ പോരായ്മ പരിഹരിക്കുന്നതിനായി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം നടപ്പിലാക്കുന്നതാണ്. പേമെന്റ് ഓഫ് വേജസ് ആക്ടിൽ ഭേദഗതി വരുത്തി തിരുവനന്തപുരം ജില്ലയിലെ നഴ്സിംഗ്, ഐ.ടി., തുണിക്കടകൾ, ജൂവലറി, വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയ സെക്ടറുകളിൽ ജോലി ചെയ്യുന്നവരുടെ ശമ്പളം ബാങ്ക് വഴി നൽകുന്നതിനും

അതിന്റെ കോപ്പി അതത് ഡി.എൽ.ഒ. മാർക്ക് അതാതുമാസം ലഭ്യമാക്കുന്നതിനുമുള്ള ഒരു സോഫ്ട്‌വെയർ കെൽട്രോണുമായി ചേർന്ന് ഡെവലെപ് ചെയ്ത് പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

113, 115, 120, 121, 123, 124, 125, 127, 129, 130, 132, 137, 138, 139, 141, 143, 144, 145 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

148, 151, 152, 154, 155, 156, 157, 159, 160, 161, 162, 163, 164, 165, 166, 169, 170, 171 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

146. In section 5D of Chapter 1B proposed to be inserted in the principal Act by clause 3, for the words " employer in" substitute the words " employer of" , and for the word " his" substitute the word " the"

147. In section 5D of Chapter 1B proposed to be inserted in the principal Act by clause 3, for the words " in a" substitute the words " of a medium or'.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

172, 173, 174, 176, 178, 180, 181, 183, 184, 185 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

186, 189, 192, 193, 196, 198, 199, 201, 203, 204, 205, 207, 208, 210, 212, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ്</u>

214, 215, 216, 218, 219, 220 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

214. In section 34(2) of the Principal Act proposed to be amended by

clause 6(1) for the word " sanitation" the words " hygiene and sanitation" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാംവകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

222-ാം നമ്പർ നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

110-ാം നമ്പർ നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ

അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): 2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): പ്രമേയത്തെ പിന്താങ്ങുന്നു.

2014-ലെ കേരള കടകളും വാണിജ്യസ്ഥാപനങ്ങളും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

സഭ വൈകുന്നേരം 6.45-ന് പിരിഞ്ഞു.

*****